

പതിനാറാം കേരളനിയമസഭ

സബ്ജക്ട് കമ്മിറ്റി I
(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

2025 – 26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

സബ്ജക്ട് കമ്മിറ്റി I
(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

2025 – 26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236- ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന – v

അവതാരിക – vii

റിപ്പോർട്ട് – 1

സബ്ജക്ട് കമ്മിറ്റി I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
(2026 –2028)
ഘടന

ചെയർപേഴ്സൺ :

ശ്രീ. ടി. സിദ്ദിഖ്,
കൃഷി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ബിന്ദു കൃഷ്ണ,
തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി.

ശ്രീ. വി.ഇ.അബ്ദുൽ ഗഫൂർ,
മത്സ്യബന്ധനം –സാമൂഹികനീതി വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. എൻ.കെ.അക്ബർ, എം.എൽ.എ.

ശ്രീ. സിറിയക് തോമസ്, എം.എൽ.എ.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ, എം.എൽ.എ.

ശ്രീ. സി.ആർ. മഹേഷ്, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. റെജി ചെറിയാൻ, എം.എൽ.എ.

ശ്രീ. സജി ചെറിയാൻ, എം.എൽ.എ.

ശ്രീമതി ഉഷ വിജയൻ,എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി – ഇൻ – ചാർജ്ജ്

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്.സി.പ്രദീപ്, അണ്ടർ സെക്രട്ടറി

അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2025 - 26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് 03 -ാംതീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 22.01.2026, 07.10.2026, 16.10.2026 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം അദ്ധ്യായത്തിൽ മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഒക്ടോബർ മാസം 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ടി.സിദ്ദിഖ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

അദ്ധ്യായം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

കൃഷി വകുപ്പ്

ശിപാർശ

2401-00-001-86 – ഓഫീസ് ആട്ടോമേഷൻ ആന്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

വിഹിതം : 7,59,00,000 രൂപ (പദ്ധതി)

കൃഷി വകുപ്പിന് കീഴിലുള്ള കൃഷി ഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, പരിപാലനം എന്നിവയ്ക്കും കൃഷി ഡയറക്ടറേറ്റ് മുതൽ കൃഷി ഭവൻ വരെയുള്ള എല്ലാ ഓഫീസുകളിലേയ്ക്കും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനും വകുപ്പിലെ എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ള BSNL മൊബൈൽ സിം കാർഡ് പുതുക്കുന്നതിനും കമ്പ്യൂട്ടറുകൾ, അക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസനം, വീഡിയോ കോൺഫറൻസ്/വെർച്വൽ ക്ലാസ് റൂം ഉൾപ്പെടെയുള്ള ഐ.റ്റി.സി. അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, നവീകരണം, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്നീ ഘടകങ്ങളിലുമായി 5.313 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

കൃഷി വകുപ്പിന് കീഴിലുള്ള കൃഷിഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പാക്കൽ, പരിപാലനം എന്നിവയ്ക്കും കൃഷി ഡയറക്ടറേറ്റ് മുതൽ കൃഷി ഭവൻ വരെയുള്ള എല്ലാ ഓഫീസുകൾക്കും ഇൻറർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനും,

വകുപ്പിലെ എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ള BSNL മൊബൈൽ സിം കാർഡ് പുതുക്കുന്നതിനും കംപ്യൂട്ടറുകൾ, അക്സസറികൾ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, വെബ് സൈറ്റ് തയ്യാറാക്കൽ, ഐ സി റ്റി അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനവും നവീകരണവും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നതിനലേക്കായി 2401-00-001-86 എന്ന ശീർഷകത്തിൽ 7.26 കോടി രൂപ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും, അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-102-90 –ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 93,60,00,000 രൂപ (പദ്ധതി)

സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദനോപാധികൾക്ക് ആനുകൂല്യം നൽകുന്നതിനായും കൃഷി സ്ഥലമുടമകൾക്ക് റോയൽറ്റി നൽകുന്നതിനായും 40 കോടി രൂപയും 2024-25 നവംബർ മാസം വരെയുള്ള കമ്മിറ്റഡ് ക്ലെയിമുകൾ മാറി നൽകുന്നതിനായി 44.81 കോടി രൂപയും ഉൾപ്പെടെ 84.81 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപാദനോപാധികൾക്ക് ആനുകൂല്യം നൽകുന്നതിനായും കൃഷി സ്ഥലമുടമകൾക്ക് റോയൽറ്റി നൽകുന്നതിനായും 40 കോടി രൂപയും 2024-25 നവംബർ മാസം വരെയുള്ള കമ്മിറഡ് ക്ലെയിമുകൾ മാറി നൽകുന്നതിനായി 44.81 കോടി രൂപയും ഉൾപ്പെടെ 84.81 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കുന്നതിന് രണ്ടാംഘട്ട ഉപധനാഭ്യർത്ഥന കളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായത്

ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-103-87- നാളികേര വികസനം

വിഹിതം : 73,00,00,000 രൂപ (പദ്ധതി)

2025-26 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 54 കേര ഗ്രാമങ്ങൾ, 15 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങാ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റ് വേതന ചെലവുകൾ, രണ്ടാം വർഷ, മൂന്നാം വർഷ കേര ഗ്രാമങ്ങൾക്കുള്ള പിന്തുണ ഉൾപ്പെടെയുള്ള പദ്ധതികൾക്കും 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിമുകൾ അനുവദിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

7,14,285 നെടിയ ഇനം വിത്ത് തേങ്ങ, 1,13,333 ഹൈബ്രിഡ് ഇനം വിത്ത് തേങ്ങ, 71,428 കുറിയ ഇനം വിത്ത് തേങ്ങ എന്നിവയുടെ സംരക്ഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അധികമായി 9.6862 കോടി രൂപ ആവശ്യമുണ്ട്. 2025-26 വർഷം നടപ്പാക്കുന്ന പുതിയ കേരഗ്രാമം, രണ്ടാം വർഷ, മൂന്നാം വർഷ കേരഗ്രാമങ്ങൾ, 15 ലക്ഷം തെങ്ങുകൾക്കുള്ള കേരരക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റ് വേതന ചെലവുകൾ, 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിമുകൾ എന്നിവ അനുവദിക്കുന്നതിനായി 37.31381 കോടി രൂപ അധികമായി ആവശ്യമുണ്ട്. മേൽ പ്രവർത്തനങ്ങൾക്ക് അധികമായി ആവശ്യമായ 47 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-103-75 –ലൊക്കേഷൻ സ്പെസിഫിക് സ്കീം

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എണ്ണക്കുരുക്കൾ എന്നിവയിലൂടെ വിള വൈവിധ്യവത്ക്കരണത്തിനും വിള തീവ്രതയ്ക്കും മുൻ വർഷത്തെ കുടിശ്ശിക തുക അനുവദിക്കുന്നതിനായി 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

ചെറുധാന്യങ്ങൾ, എണ്ണക്കുരുക്കൾ, പയർ വർഗ്ഗങ്ങൾ എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണത്തിനും വിള തീവ്രതയ്ക്കും മുൻ വർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിന് 0.65 കോടി രൂപയുടെ അധിക ധനാഭ്യർത്ഥനയ്ക്കുള്ള ശിപാർശ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-103-74-01 - നാളികേര വികസന ബോർഡ് പദ്ധതികൾ - (സംസ്ഥാന വിഹിതം) - പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല

നാളികേര വികസന ബോർഡ് പദ്ധതിയുടെ ഭാഗമായി വിത്ത് തേങ്ങ സംഭരിച്ചു തൈകൾ ഉത്പാദിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാന വിഹിതമായി 47.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശി1 പാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

നാളികേര വികസന ബോർഡ് പദ്ധതിയുടെ ഭാഗമായി വിത്ത് തേങ്ങ സംഭരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാന വിഹിതമായി 0.4787 കോടി രൂപ

അനുവദിക്കുന്നതിനായി അധിക ധനാഭ്യർത്ഥനയ്ക്കുള്ള ശിപാർശ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-104-91 - ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

വിഹിതം : 12,75,00,000 രൂപ (പദ്ധതി)

തെരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ജില്ലാ കൃഷിത്തോട്ടം നേരിയമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാംപതി എന്നിവയ്ക്ക് അംഗീകൃത ഏജൻസി വഴി കാർബൺ ഫുട്ട് പ്രിന്റ് വിലയിരുത്തലിനായും ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, 2022-23-ലെ ഫാമുകളുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനം എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥ വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

ഗ്രാഫ്റ്റിംഗ് മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും തെരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജില്ലാ കൃഷിത്തോട്ടം നേരിയമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതി എന്നിവയ്ക്ക് അംഗീകൃത ഏജൻസി വഴി കാർബൺ ഫുട്ട് പ്രിന്റ് വിലയിരുത്തലിനായും, ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും, കൃഷി വകുപ്പിന് കീഴിലെ മറ്റ് ഫണ്ടുകൾ ഒന്നും ലഭിക്കാത്ത 14 സ്പെഷ്യൽ ഫാമുകൾക്കും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6.6 കോടി രൂപ ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും, അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-104-86(01) – ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി – കടാശ്വാസ കമ്മീഷൻ

വിഹിതം : 24,72,58,000 രൂപ (പദ്ധതിയേതരം)

കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 188 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത ക്ലെയിമുകളുടെ വിതരണത്തിനായി 2401-00-104-86(01) ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

ഭാരതീയ പ്രകൃതി കൃഷി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 16.71675 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിലെ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം

ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതിയ്ക്കായി G.O.(Rt) No.5634/2025/fin dt. 04.07.2025 ഉത്തരവ് പ്രകാരം 2401-00-104-72-02 ശീർഷകത്തിൽ 8.3584 കോടി രൂപയും G.O.(Rt.) No.72/2026/fin dt. 03.01.2026 ഉത്തരവ് പ്രകാരം 8.22 കോടി രൂപയും അധികധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2401-00-104-70-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 12.6265 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിലെ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി G.O.(Rt) No. 5502/2025/fin dt. 28.06.2025 ഉത്തരവ് പ്രകാരം 2401-00-104-70-02 ശീർഷകത്തിൽ 6.3167 കോടി രൂപ അധിക ധനാനുമതി വഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പടെ

12.6265 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-104-69-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 11.0335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിലെ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

'റെയിൻഫെഡ് ഏര്യ ഡെവലപ്മെന്റ് ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O. (Rt.) No. 5501/2025/fin. dt. 28.06.2025 ഉത്തരവ് പ്രകാരം 2401-00-104-69-02 ശീർഷകത്തിൽ 5.5167 കോടി രൂപ അധിക ധനാനുമതി വഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പെടെ 11.04 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-104-67 –കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

ഒരു കൃഷിയിടത്തിൽ നിന്നും ഉല്പാദനം, ഉല്പാദനക്ഷമത, വരുമാനം എന്നിവ പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഫാം പ്ലാനുകളിൽ മുൻ വർഷങ്ങളിൽ നന്നായി ചെയ്തിട്ടുള്ളവയ്ക്ക് പുതിയ നിർണ്ണായക ഘടകങ്ങൾ പിന്തുണയായി നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

ഒരു കൃഷിയിടത്തിൽ നിന്നും ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, വരുമാനം എന്നിവ പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഫാം പ്ലാനുകളിൽ മുൻ വർഷങ്ങളിൽ നന്നായി ചെയ്തിട്ടുള്ളവയ്ക്ക് പുതിയ നിർണ്ണായക ഘടകങ്ങൾ പിന്തുണയായി നല്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2 കോടി രൂപയുടെ അധികധനാഭ്യർത്ഥനയ്ക്കുള്ള ശിപാർശ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-104-66 –കൃഷി സമൃദ്ധി

വിഹിതം : 1,00,000 രൂപ (പദ്ധതി)

500 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ ഭാഗമായി പരിശീലനങ്ങൾ, കാമ്പയിനുകൾ, കൃഷിക്കൂട്ടം പുന:സംഘടിപ്പിക്കുന്നതിനുള്ള യോഗങ്ങൾ, വാർഡ് തല രൂപീകരണം, എൽ.എസ്.ജി ഫെഡറേഷൻ എന്നിവയ്ക്കുള്ള ചെലവുകൾ അതിലേക്കുള്ള ബ്ലോക്ക്, ജില്ലാ തല നടപ്പാക്കലും നിരീക്ഷണവും, കമ്മിറ്റി യോഗങ്ങൾ,

പരിശീലനങ്ങൾ എന്നിവയുടെ ഭരണ ചെലവുകൾ - കാമ്പയിനും പബ്ലിസിറ്റിയും എന്നിവ നടപ്പിലാക്കുന്നതിനായി 75 ലക്ഷം രൂപയും ഉല്പാദന/വിപണന പദ്ധതി തയ്യാറാക്കൽ, സാങ്കേതിക പരിശീലനം, ഉല്പാദനം, മാർക്കറ്റിംഗ്, മൂല്യവർദ്ധന ഘടകങ്ങൾ എന്നിവയുള്ള മൈക്രോ പ്ലാൻ അന്തിമമാക്കൽ, പ്രിന്റിങ്ങും, മോണിറ്ററിങ്ങും എന്നീ ഘടകങ്ങൾക്കായി 1.25 കോടി രൂപയും മൈക്രോ പ്ലാൻ (മാർക്കറ്റിംഗ് പ്ലാൻ) പ്രകാരം മോഡൽ പ്ലോട്ടിനുള്ള പിന്തുണ എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2.5 കോടി രൂപയും ഉൾപ്പെടെ 4.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

500 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൃഷി സമൃദ്ധി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി യോഗങ്ങൾ, ക്യാമ്പയിനുകൾ, പഞ്ചായത്ത് തല വർക്ക്ഷോപ്, പഞ്ചായത്ത് തല മൈക്രോപ്ളാൻ തയ്യാറാക്കൽ, കൃഷി സമൃദ്ധി പഞ്ചായത്തുകളിൽ മാതൃക കൃഷിത്തോട്ടങ്ങൾ രൂപീകരിക്കൽ തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 4.5 കോടി രൂപ ഉപ ധനാഭ്യർത്ഥനയിലൂടെ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധന വകുപ്പിന് നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ</u>

2401-00-105-85 –<u>ഓർഗാനിക് ഫാമിംഗ്</u>

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

ജൈവ കൃഷി മിഷന്റെ ഭാഗമായി കാർഷിക ഇനങ്ങളെ ജൈവ കൃഷിയിൽ ഉൾപ്പെടുത്തി സർട്ടിഫൈ ചെയ്യുന്നതിനും തുടർന്ന് ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുമായി 1 കോടി രൂപയും എല്ലാ ജില്ലകളിലും ജൈവ കൃഷി നടപ്പിലാക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരേയും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരേയും മറ്റ് പ്രതിനിധികളേയും ഉൾപ്പെടുത്തി മികച്ച ജൈവ/പ്രകൃതി കൃഷി മുറകൾ അവലംബിക്കുന്ന സ്ഥലങ്ങളിൽ പഠന യാത്രയും പ്രായോഗിക പരിശീലന

സംവിധാനങ്ങളും ഒരുക്കുന്നതിനായി 5 ലക്ഷം രൂപയും ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ട്രെയിനിംഗുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവിക പദ്ധതിക്കായി 1.743185 കോടി രൂപയും ഉൾപ്പെടെ 2.993185 കോടി രൂപ ഈ ശീർഷകത്തിൽ ധനപൂന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജൈവകൃഷി മിഷന്റെ ഭാഗമായി ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകളെ ജൈവകൃഷിയിൽ ഉൾപ്പെടുത്തി സർട്ടിഫൈ ചെയ്യുന്നതിനും, തുടർന്ന് ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനും മികച്ച ജൈവ/പ്രകൃതി കൃഷി അവലംബിക്കുന്ന സ്ഥലങ്ങളിൽ പഠനയാത്രയും പ്രായോഗിക പരിശീലനങ്ങളുമൊരുക്കുന്നതിനായും ജൈവകാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ശക്തപ്പെടുത്തുന്നതിന് ട്രെയിനിംഗുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതിനും, ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവിക പദ്ധതിക്കായും 2.9932 കോടി രൂപ രണ്ടാം ഘട്ട ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-108-59 –<u>സുഗന്ധദ്രവ്യങ്ങളുടെ വികസനം</u>

വിഹിതം : 7,60,00,000 രൂപ (പദ്ധതി)

കുരുമുളക് കൃഷി ഫലപ്രദമായി നടപ്പാക്കുന്നതിന് 3.2 കോടി രൂപയും ഇഞ്ചി, മഞ്ഞൾ കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിന് നൽകേണ്ടതായ തുക 25 ലക്ഷം രൂപയും ജാതി കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിന് 4 ലക്ഷം രൂപയും ഗ്രാമ്പൂ കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിന് 1.37 ലക്ഷം രൂപയും ഉൾപ്പെടെ 3.5037 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

കരുമുളക് കൃഷി വികസനം ഫലപ്രദമായി നടപ്പാക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷം ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ വികസന പദ്ധതികൾ നടപ്പാക്കിയതിനുള്ള കമ്മിറ്റഡ് എക്സ്പെൻസസ് നൽകുന്നതിനുമായി 3.5037 കോടി രൂപ ഒന്നാം ഘട്ട ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

രണ്ടാം ഘട്ട ധനാഭ്യർത്ഥനകളുടെ പട്ടികയിൽ പ്രസ്തുത ശീർഷകത്തിനായി തുക അപേക്ഷിച്ചിട്ടില്ല.

ശിപാർശ

2401-00-109-84 –കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

കേരള കർഷകൻ മാസിക ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായി 1.25 കോടി രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് പുതിയ കെട്ടിടം പണിയുന്നതിന് 3 കോടി രൂപയും മറ്റ് പ്രധാന പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശിൽപശാലകൾ, ഉപദേശകസമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധനചെലവുകൾ, യാത്രാ ചെലവുകൾ മുതലായവയ്ക്കുമായി 3.7 കോടി രൂപയും ഉൾപ്പെടെ 7.95 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

കേരള കർഷകൻ മാസിക ഗ്രണമേന്മ ഉറപ്പാക്കി തടസമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായി 1.25 കോടി രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് പുതിയ കെട്ടിടം പണിയുന്നതിന് 3 കോടി രൂപയും വീഡിയോ പ്രൊഡക്ഷൻ, ഫാം ഫീച്ചർ ശില്പശാലകൾ തുടങ്ങിയ മറ്റ പ്രവർത്തനങ്ങൾക്കായി 3.7 കോടി രൂപയും ഉൾപ്പെടെ 7.95 കോടി രൂപ ഉപ ധനാഭ്യർത്ഥനയിലൂടെ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധന വകുപ്പിന് നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2401-00-109-80 –കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 14,89,00,000 രൂപ (പദ്ധതി)

കൃഷി ഭവൻ തലത്തിൽ കർഷകസഭ, ഞാറ്റുവേലച്ചന്ത പദ്ധതി നടപ്പിലാക്കുന്നതിന് 32.28 ലക്ഷം രൂപയും കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾക്ക് ഫണ്ട് നൽകാനായി 1 കോടി രൂപയും ആത്മ പ്രോജക്ട്, 2023-24, 2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കുടിശ്ശിക, ഈ സാമ്പത്തിക വർഷത്തെ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 50 ലക്ഷം രൂപയും സെമിനാറുകൾ, ജില്ലാതല സമ്മേളനങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവയ്ക്കായി 3 ലക്ഷം രൂപയും കാർഷിക വികസന സമിതി യോഗങ്ങൾ എന്ന ഘടകത്തിന് 2023-24 വർഷത്തെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയ്ക്കായി 7.7987 കോടി രൂപയും കൃഷി ഭവനുകളിലും ബ്ലോക്കുകളിലും അടിയന്തരമായി നടപ്പിലാക്കേണ്ട അപ്രതീക്ഷിത മൂലധന ചെലവുകൾക്കായി 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിം തുക ആയ 46.55 ലക്ഷം രൂപയും ഉൾപ്പെടെ 11.8208 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

കൃഷിക്കൂട്ടങ്ങൾക്ക് വെഞ്ചർ ക്യാപിറ്റൽ അസിസ്റ്റൻസ് അനുവദിക്കുന്നതിനാവശ്യമായ 4.50 കോടി രൂപ, കൃഷിഭവൻ തലത്തിൽ കർഷകസഭ, ഞാറ്റുവേലച്ചന്ത നടപ്പിലാക്കുന്നതിനുള്ള 0.3228 കോടി രൂപ, ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിക്കാവശ്യമായ 1.0 കോടി രൂപ, ആത്മ പ്രോജക്ട് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കുടിശ്ശികയായ 0.50 കോടി രൂപ, ഈ വർഷത്തെ ജില്ലാതല പരിപാടികൾ, സെമിനാറുകൾ, വർക് ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനാവശ്യമായ 0.03 കോടി രൂപ, 2023-24 വർഷത്തെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ കമ്മിറ്റഡ് എക്സ്പെൻസായ 7.7987 കോടി രൂപ, കാർഷിക വികസന സമിതി യോഗങ്ങൾ നടത്തുന്നതിനും കൃഷിഭവനുകളിലും ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും അടിയന്തരമായി നടപ്പിലാക്കേണ്ട അപ്രതീക്ഷിത മൂലധന ചെലവുകളുടെ 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിമുകൾ നൽകുന്നതിനുമാവശ്യമായ 0.4655 കോടി രൂപ, ലീഡ്സ് (LEADS) പദ്ധതിയുടെ 2026 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ മാനേജ്മെന്റ് ചെലവുകൾക്കാവശ്യമായ 0.417186 കോടി രൂപയും ചേർത്ത് 15.034186 കോടി രൂപ രണ്ടാം ഘട്ട ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-109-65-02 - അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി മുൻവർഷം 83.499 കോടി രൂപ ആവശ്യമായി വന്നതിനാൽ നടപ്പുവർഷം അധികമായി 65.6990259 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ അധിക ധനാനുമതി വഴി G.O(Rt.)No.6225/2025/Fin dated 28.07.2025 പ്രകാരം 20.6146 കോടി രൂപയും, G.O.(Rt.) No.9748/2025/Fin dated 04.12.2025 ഉത്തരവ് പ്രകാരം 24.14 കോടി രൂപയും G.O.(Rt.) No. 10287/2025/Fin dated 23.12.2025 പ്രകാരം 13.92 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2401-00-109-58-02 - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

"സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2025-26 വർഷം 150.43 കോടി രൂപയുടെ റിവൈസ്ഡ് അലോക്കേഷൻ പരിഗണിച്ച് പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 17.8 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 26.7 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 81.29225 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ 'സ്പർശ്' മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിലെ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്. ആവശ്യമെങ്കിൽ സെൻട്രൽ ഹെഡിൽ ലഭ്യമായ ബജറ്റ് വിഹിതം

സ്റ്റേറ്റ് ഹെഡിലേക്ക് ധനപുന:വിനിയോഗം നടത്തി വിനിയോഗിക്കാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ 2025 ഡിസംബറിൽ പുതുക്കിയ മാതൃസാങ്ഷൻ (revised mother sanction) പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ 'സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ' (SMAM) പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ ആകെ 63.24 കോടി രൂപയാണ് കേന്ദ്ര- സംസ്ഥാന വിഹിതമായി ആവശ്യമുള്ളത്. എന്നാൽ, സംസ്ഥാന ശീർഷകത്തിൽ 17.80 കോടി രൂപ മാത്രം നിലവിൽ ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 45.44 കോടി രൂപയാണ് അധികമായി ആവശ്യമുള്ളത്. ഇതിൽ, 2401-00-109-58-01-ൽ നിന്നും ധനപുന:വിനിയോഗം മുഖേന 24.33 കോടി രൂപ (3.28 കോടി രൂപ + 21.05 കോടി രൂപ) അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ക്രമീകരണങ്ങൾക്ക് ശേഷം അധികമായി ആവശ്യമുള്ള 18.74 കോടി രൂപയ്ക്കുള്ള ഉപധനാഭ്യർഥന പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-109-57-02–തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 10,68,00,000 രൂപ (പദ്ധതി)

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10.68 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 16.02 കോടി രൂപ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 31.834 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O.(Rt.) No. 5143/2025/Fin. dt. 12/06/2025 ഉത്തരവ് പ്രകാരം 4.6075 കോടി രൂപ അധിക ധനാനുമതി വഴിയും G.O.(Rt.) No. 5145/2025/Fin. dt. 12.06.2025 ഉത്തരവ് പ്രകാരം 16.02 കോടി രൂപ ധനപുനവിനിയോഗം വഴിയും അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പെടെ 31.83 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-110-82 –പുന:സ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

വിഹിതം : 33,14,00,000 രൂപ (പദ്ധതി)

എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച വിളനാശത്തിനുള്ള ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 22.9443142 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-111-96-02 –ഡിജിറ്റൽ ക്രോപ്പ് സർവ്വേ - (നാഷണൽ - ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 27.8037 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

" ഡിജിറ്റൽ ക്രോപ്പ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം 2401-00-111-96-02 ശീർഷകത്തിൽ ബജറ്റ് വിഹിതം ലഭ്യമല്ല. നിലവിൽ സ്പർശ് മുഖാന്തിരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ 10.01.2025 തീയതിയിലെ 02/2025/FIN സർക്കുലർ പ്രകാരം ഒറ്റ ശീർഷകം, അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്. കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ഉൾപ്പെടെ 27.8037 കോടി രൂപ ഉപ ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും, അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

എന്നാൽ ആദ്യ കേന്ദ്ര മദർ സാങ്ഷൻ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 23.07.2025 തീയതിയിലെ GO(Rt)6114/2025/fin ഉത്തരവ് പ്രകാരം 14.8711 കോടി രൂപ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.08.2025 ലെ GO(Rt)2828/2025/കൃഷി നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2401-00-113-83 –കാർഷിക സേവനകേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻസ് ആയി 2.6 കോടി രൂപയും മെഷിനറി ക്യാമ്പ് സംഘടിപ്പിക്കുന്നതിന് വേണ്ടി 70.45 ലക്ഷം രൂപയും ഉൾപ്പെടെ 3.3045 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗ/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും എന്ന പദ്ധതിയ്ക്ക് വേണ്ടി 2024-25 വർഷത്തെ കമ്മിറ്റഡ് എക്സ്പെൻസും മെഷിനറി ക്യാമ്പുകളും സംഘടിപ്പിക്കുന്നതിന് അധികമായി ആവശ്യമായ 3.3045 കോടി രൂപ അനുവദിക്കുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർഥനയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചുവെങ്കിലും അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-115-99-33 -ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി - വൈദ്യുതി നൽകുന്ന പദ്ധതി - സബ്സിഡികൾ

വിഹിതം : 36,92,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 13 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 13 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-119-85- കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 60,45,00,000 രൂപ (പദ്ധതി)

സമഗ്ര പച്ചക്കറി വികസനം (സമ്പൂർണ്ണ പച്ചക്കറി യജ്ഞം) പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനുമായി 12 കോടി രൂപയും പോഷക സമൃദ്ധി മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 9.444 കോടി രൂപയും സമഗ്ര പച്ചക്കറി വികസനം പദ്ധതിയിൻകീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് 2025-26 സാമ്പത്തിക വർഷം വേതനം മാറി നൽകുന്നതിന് 10.6 ലക്ഷം രൂപയും Technical support and contractual appointments എന്ന ഘടകത്തിലും 2024 -25 സാമ്പത്തിക വർഷത്തിൽ വിവിധ ഘടകങ്ങളിലായി കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 26.93 കോടി രൂപയും ഉൾപ്പെടെ 48.48 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറിയിൽ സ്വയംപര്യാപ്തതയ്ക്കും സുരക്ഷിത പച്ചക്കറി ഉൽപ്പാദനത്തിനുമായുള്ള പദ്ധതികൾക്കും പോഷക സമൃദ്ധി മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനും, സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരുടെ വേതനം നൽകുന്നതിനും, 2024-25 സാമ്പത്തിക

വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കുടിശ്ശിക നൽകുന്നതിനുമായി 48.48 കോടി രൂപ അധികമായി ആവശ്യമുണ്ട്. 2016-17 വർഷത്തെ പച്ചക്കറി വികസന പദ്ധതിയിൽ പച്ചക്കറി വിത്ത്, തൈകൾ വിതരണം ചെയ്ത വകയിൽ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് നൽകേണ്ട കുടിശ്ശിക തുകയായ 4.9125 കോടി രൂപ അധികമായി ആവശ്യമുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്കായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഒരു കോടി രൂപ, 2401-00-119-85 ശീർഷകത്തിൽ അധികമായി വകയിരുത്തി ലഭ്യമാക്കേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച എല്ലാ തുകകളും ഉൾപ്പെടെ 54.3925 കോടി രൂപ അധികമായി അനുവദിക്കുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-119-79 - ഔഷധ സസ്യങ്ങളുടെയും പഴം/പൂവ് എന്നിവയുടെയും വികസനം

വിഹിതം : 18,92,00,000 രൂപ (പദ്ധതി)

2024-25 സാമ്പത്തിക വർഷത്തിൽ വിവിധ ഘടകങ്ങളിലായി കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഇനത്തിൽ 5.6 കോടി രൂപയും സംസ്ഥാനത്തെ 14 ജില്ലകളിലും പുഷ്പ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിൽ നിന്നും അനുയോജ്യമായ പ്രൊജക്ടിന് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി 25 ലക്ഷം രൂപയും ഫാമുകളിലെ ഔഷധസസ്യ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധസസ്യ കൃഷി, സ്ഥാപനങ്ങളിലെ ഔഷധകൃഷി വ്യാപനം എന്നീ ഘടകങ്ങൾക്കായി 25 ലക്ഷം രൂപയും ഉൾപ്പെടെ 6.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിയിൽ 2024-25 വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ നൽകുന്നതിനും, പുഷ്പകൃഷി വ്യാപനത്തിന് പ്രൊജക്ട് അടിസ്ഥാനത്തിൽ ധനസഹായം

നൽകുന്നതിനും, ഫാമുകളിലെ ഔഷധസസ്യ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധസസ്യ കൃഷി, സ്ഥാപനങ്ങളിലെ ഔഷധസസ്യ കൃഷി വ്യാപനം എന്നിവയ്ക്കായി 6.10 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-119-78 - കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

2025-26 വർഷത്തിൽ കുട്ടനാട് മേഖലയിൽ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ് സെറ്റുകൾ (1050 എച്ച്.പി.) എന്നിവ സൗജന്യമായി സ്ഥാപിക്കുന്നതിനും അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വൈദ്യുതി എത്തിക്കുന്നതിനും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ പാടശേഖരത്തിന്റെ ബണ്ടുകൾ സ്ഥാപിക്കുന്നതിനുമായി 22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളായ ബണ്ട് നിർമ്മാണം, കനാലുകളുടെ ആഴം കൂട്ടൽ, വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകളുടെ സ്ഥാപനം തുടങ്ങിയവയ്ക്കായി 22 കോടി രൂപ അധികമായി അനുവദിക്കുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർഥനയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചുവെങ്കിലും അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-119-77 - കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി - അടിസ്ഥാന വില

വിഹിതം : 50,00,000 രൂപ (പദ്ധതി)

പഴങ്ങൾക്കും പച്ചക്കറികൾക്കും വില കുറയുന്ന സാഹചര്യത്തിൽ പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകർക്ക് നൽകുന്ന കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതിയ്ക്കായി 2023-24, 2024-25 വർഷങ്ങളിലെ കുടിശ്ശിക മാറി നൽകുന്നതിനായി 1.25 കോടി രൂപയും 2025-26 വർഷത്തേക്ക് അധികമായി 25 ലക്ഷം രൂപയും ഉൾപ്പെടെ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

പഴങ്ങൾക്കും പച്ചക്കറികൾക്കും വില കുറയുന്ന സാഹചര്യത്തിൽ പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകർക്ക് നൽകുന്ന ഈ പദ്ധതിക്കായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും, നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവുകൾക്കുമായി 1.50 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2401-00-191-50 – റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 94.14814 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 94.15 ലക്ഷം രൂപ രണ്ടാം ഘട്ട ഉപ ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-192-50 - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 2.6394333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 2.6394 കോടി രൂപ രണ്ടാം ഘട്ട ഉപ ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-198-50 -റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് -ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 48.3400584 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 48.3401 കോടി രൂപ രണ്ടാം ഘട്ട ഉപ ധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-789-92-02 – ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.23825 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O. (Rt.) No. 5502/2025/Fin. dt. 28/06/2025 ഉത്തരവ് പ്രകാരം 2401-00-789-92-02 ശീർഷകത്തിൽ 0.6167 കോടി രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ

സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പടെ 1.2383 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"ഭാരതീയ പ്രകൃതി കൃഷി പദ്ധതി"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്. "ഭാരതീയ പ്രകൃതി കൃഷി പദ്ധതി"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2401-00-789-83-02 ശീർഷകത്തിൽ G.O.(Rt.) No. 5634/2025/fin dt. 04/07/2025 ഉത്തരവ് പ്രകാരം 0.8167 കോടി രൂപയും G.O.(Rt.) No. 72/2026/fin dt.03/01/2026 ഉത്തരവ് പ്രകാരം 0.8067 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പടെ 2.4333 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും

ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല

ശിപാർശ

2401-00-789-78-02 – കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - സംസ്ഥാന വിഹിതം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

"സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 7.3355 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ 2025 ഡിസംബറിൽ പുതുക്കിയ മാതൃസാങ്ഷൻ (Revised Mother Sanction) പ്രകാരം സാമ്പത്തിക വർഷത്തിൽ 'സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ' (SMAM) പദ്ധതിയുടെ SCP സംസ്ഥാന വിഹിതം ശീർഷകത്തിൽ 2025-26-ൽ ആകെ 6.19 കോടി രൂപയാണ് കേന്ദ്ര-സംസ്ഥാന വിഹിതമായി ആവശ്യമായിട്ടുള്ളത്. എന്നാൽ, സംസ്ഥാന ശീർഷകത്തിൽ 2.0 കോടി രൂപ മാത്രമാണ് നിലവിൽ ഉള്ളത് എന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.19 കോടി രൂപയാണ് അധികമായി ആവശ്യമുള്ളത്. ഇതിൽ, 2401-00-789-78-02 ശീർഷകത്തിൽ 2.125 കോടി രൂപ (0.667 ലക്ഷം രൂപ + 205.83 ലക്ഷം രൂപ) ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ക്രമീകരണങ്ങൾക്ക് ശേഷവും അധികമായി ആവശ്യമുള്ള 1.19 കോടി രൂപയ്ക്ക് രണ്ടാം ഘട്ട ഉപധനാഭ്യർഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചുവെങ്കിലും അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-789-77-02 – തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1.8 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.74 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2401-00-789-77-02 ശീർഷകത്തിൽ G.O.(Rt.) No. 5143/2025/Fin. dt. 12/06/2025 ഉത്തരവ് പ്രകാരം 0.185 കോടി രൂപ അധിക ധനാനുമതി വഴിയും G.O.(Rt.) No.5145/2025/Fin. dt. 12/06/2025 ഉത്തരവ് പ്രകാരം 1.80 കോടി രൂപ ധനനവിനിയോഗം വഴിയും അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പടെ 2.74 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും

ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-789-74-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.0835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തിരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10/01/2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"റെയിൻഫെഡ് ഏര്യ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 2401-00-789-74-02 ശീർഷകത്തിൽ G.O.(Rt.) No.5501/2025/Fin. dt. 28/06/2025 ഉത്തരവ് പ്രകാരം 0.5417 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പടെ 1.0835 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-789-70-02 - ഡിജിറ്റൽ ക്രോപ്പ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

" ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്ര വിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.73 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

" ഡിജിറ്റൽ ക്രോപ്പ് സർവേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം 2401-00-789-70-02 ശീർഷകത്തിൽ ബജറ്റ് വിഹിതം ലഭ്യമല്ല. നിലവിൽ സ്പർശ് മുഖാന്തിരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്. കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ഉൾപ്പെടെ 2.73 കോടി രൂപ ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും, അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

എന്നാൽ ആദ്യ കേന്ദ്ര മദർ സാങ്ഷൻ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 23.07.2025 തീയതിയിലെ GO(Rt)6114/2025/fin ഉത്തരവ് പ്രകാരം 1.5129 കോടി രൂപ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.08.2025-ലെ GO(Rt)2828/2025/കൃഷി നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2401-00-796-92-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.23525 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തിരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O.(Rt.)No. 5502/2025/Fin. dt. 28.06.2025 ഉത്തരവ് പ്രകാരം 2401-00-796-92-02 ശീർഷകത്തിൽ 0.6167 കോടി രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%)ചേർത്ത്, അധിക ധനാനുമതിയായി ലഭിച്ച തുക ഉൾപ്പെടെ 1.2333 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-796-83-02 – പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) – (60% കേന്ദ്ര വിഹിതം) – സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

ഭാരതീയ പ്രകൃതി കൃഷി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/Fin പ്രകാരം ഒറ്റ ശീർഷകം അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"ഭാരതീയ പ്രകൃതി കൃഷി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O.(Rt.)No. 5634/2025/Fin. dt.04.07.2025 ഉത്തരവ് പ്രകാരം 2401-00-796-83-02 ശീർഷകത്തിൽ 0.8167 കോടി രൂപയും G.O.(Rt) No. 72/2026/Fin. dt. 03.01.2023 ഉത്തരവ് പ്രകാരം 0.8067 കോടി രൂപയും അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത് അധികധനാനുമതിയായി ലഭിച്ച തുക ഉൾപ്പെടെ 2.45 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-796-79-02 - കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ദേശീയ മിഷൻ (എസ്.എം.എ.ഇ.) കീഴിലുള്ള കാർഷിക വ്യാപനത്തിനുള്ള ഉപപദ്ധതി (എസ്.എം.എ.ഇ.)(60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : 10,00,000 രൂപ (പദ്ധതി)

"സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 15 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin. dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.9995 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

"സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതത്തിനായി G.O. (Rt.)No.5168/2025/Fin. dt.13.06.2025 ഉത്തരവ് പ്രകാരം 0.1493 കോടി രൂപയും G.O.(Rt.)No. 09/2026/Fin. dt.01.01.2026 ഉത്തരവ് പ്രകാരം 0.07 കോടി രൂപയും 2401-00-796-79-01 ശീർഷകത്തിൽ നിന്നും ധന:പുനവിനിയോഗം വഴി അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 0.1488 കോടി രൂപ അധികധനാനുമതി വഴിയും നൽകിയിട്ടുണ്ട്.

2401-00-796-79-02 ശീർഷകത്തിൽ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-796-77-02 – കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.)

(60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 20,00,000 രൂപ (പദ്ധതി)

"സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 11.8055 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ 2025 ഡിസംബറിൽ പുതുക്കിയ മാതൃസാങ്ഷൻ (Revised Mother Sanction) പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ 'സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ' (SMAM) പദ്ധതിയുടെ TSP സംസ്ഥാന വിഹിതം ശീർഷകത്തിൽ ആകെ 6.19 കോടി രൂപയാണ് കേന്ദ്ര -സംസ്ഥാന വിഹിതമായി ആവശ്യമായിട്ടുള്ളത്. എന്നാൽ, സംസ്ഥാന ശീർഷകത്തിൽ 0.20 കോടി രൂപ മാത്രമാണ് നിലവിൽ ഉള്ളത്. പ്രസ്തുത ശീർഷകത്തിൽ 5.99 കോടി രൂപയാണ് അധികമായി ആവശ്യമുള്ളത്. ഇതിൽ, 2401-00-796-77-02 ശീർഷകത്തിൽ 0.30 കോടി രൂപ ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ 3.625 കോടി രൂപ അധിക ധനാനുമതി മുഖേനയും അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ക്രമീകരണങ്ങൾക്ക് ശേഷവും അധികമായി ആവശ്യമുള്ള 5.69 കോടി രൂപ (അധിക ധനാനുമതി ഉൾപ്പടെ) രണ്ടാം ഘട്ട ഉപധനാഭ്യർഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

വിഹിതം : 12,00,000 രൂപ (പദ്ധതി)

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 12 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 18 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin. dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 5.426 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/Fin. പ്രകാരം ഒറ്റ ശീർഷകം അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O. (Rt.)No.5143/2025/Fin. dt. 12.06.2025 ഉത്തരവ് പ്രകാരം 0.2075 കോടി രൂപ അധികധനാനുമതി വഴിയും G.O. (Rt).No.5145/20256/Fin.dt. 12.062025 ഉത്തരവ് പ്രകാരം 0.18 കോടി രൂപ ധന:പുനർവിനിയോഗം വഴിയും അനുവദിച്ചിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത് അധികധനാനുമതിയായി ലഭിച്ച തുക ഉൾപ്പെടെ 5.42 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി

ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-796-73-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.0835 കോടി രൂപ ഈ ശീർഷകത്തിൽ ധന:പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ സ്പർശ് മുഖാന്തരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/Fin. പ്രകാരം ഒറ്റ ശീർഷകം അതായത് സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്.

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി G.O. (Rt.)No.5501/2025/Fin. dt. 28.06.2025 ഉത്തരവ് പ്രകാരം 2401-00-796-73-02 എന്ന ശീർഷകത്തിൽ 0.5417 കോടി രൂപ അധികധനാനുമതി വഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ചേർത്ത് അധികധനാനുമതിയായി ലഭിച്ച തുക ഉൾപ്പെടെ 1.0835 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-796-69-02 – ഡിജിറ്റൽ ക്രോപ്പ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

" ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്ര വിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.72 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

" ഡിജിറ്റൽ ക്രോപ്പ് സർവേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം 2401-00-796-69-02 ശീർഷകത്തിൽ ബജറ്റ് വിഹിതം ലഭ്യമല്ല. നിലവിൽ സ്പർശ് മുഖാന്തിരം ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 10.01.2025 തീയതിയിൽ സർക്കുലർ നമ്പർ 02/2025/FIN പ്രകാരം ഒറ്റ ശീർഷകം, അതായത് - സംസ്ഥാന ബജറ്റ് ശീർഷകത്തിൽ നിന്നുമാണ് ഫണ്ട് റിലീസ് ചെയ്യേണ്ടത്. കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും (40%) ഉൾപ്പെടെ 2.72 കോടി രൂപ ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നുവെങ്കിലും, അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

എന്നാൽ ആദ്യ കേന്ദ്ര മദർ സാങ്ഷൻ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 23.07.2025 തീയതിയിലെ GO(Rt)6411/2025/fin ഉത്തരവ് പ്രകാരം 0.2411 കോടി രൂപ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.08.2025 ലെ GO(Rt)2828/2025/കൃഷി നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2401-00-800-91 – പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി
വിഹിതം : 7,50,00,000/- രൂപ (പദ്ധതി)

എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനും കരുതൽ വിത്ത് ശേഖരണം എന്ന ഘടകത്തിനുമായി 61.2025141 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതിന് 2401-00-800-91 ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-800-28 - മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർധിപ്പിക്കലും
വിഹിതം : 32,10,00,000 രൂപ (പദ്ധതി)

മുഴുവൻ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിലും കുമ്മായം വിതരണം ചെയ്യുന്നതിനായി 75.9 കോടി രൂപയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയായ 11.1434 കോടി രൂപയും മുൻ വർഷങ്ങളിൽ നൽകാനുള്ള തുകയായ 1.6028 കോടി രൂപയും SRHM-ലെ കമ്മിറ്റഡ് തുകയായ 2.5 കോടി രൂപയും ഉൾപ്പെടെ 91.1462 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

നെൽകൃഷി ചെയ്യുന്ന മുഴുവൻ സ്ഥലങ്ങളിലും കുമ്മായം വിതരണം ചെയ്യുന്നതിനായി 75.9 കോടി രൂപയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയായ 11.1434 കോടി രൂപയും

മുൻ വർഷങ്ങളിൽ നൽകാനുള്ള തുകയായ 1.6028 കോടി രൂപയും SRHM -ലെ കമ്മിറ്റഡ് തുകയായ 2.5 കോടി രൂപയും ഉൾപ്പെടെ 91.1462 കോടി രൂപയും ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2415-01-277-98 –സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

വിഹിതം : 3,35,00,000 രൂപ (പദ്ധതി)

2024-25 വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ 54 ലക്ഷം രൂപയും ഈ വർഷം നടപ്പിലാക്കുവാൻ പോകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളായ IRMA, IIM, NPHM തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്നുള്ള കൊളാബ്രേറ്റീവ് ട്രെയിനിംഗിനായി 50 ലക്ഷം രൂപയും സംസ്ഥാന തലത്തിൽ സെമിനാർ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിന് 75 ലക്ഷം രൂപയും സമേതി ഓപ്പറേഷൻ കോസ്റ്റായ 35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

2024-25 വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ 54 ലക്ഷം രൂപയും, ഈ വർഷം നടപ്പിലാക്കാൻ പോകുന്ന കൊളാബറേറ്റീവ് ട്രെയിനിംഗിനായി 50 ലക്ഷം രൂപയും, സംസ്ഥാന തലത്തിൽ സെമിനാർ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിനായി 75 ലക്ഷം രൂപയും, സമേതിയുടെ ഓപ്പറേഷനൽ കോസ്റ്റ് ആയ 35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.14 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കുന്നതിനായി പ്രൊപോസൽ ധന വകുപ്പിന് നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2435-01-800-94 –മൂല്യവർദ്ധനവ്

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

അഗ്രി സ്റ്റാർട്ട് അപ്പ്, അഗ്രി ബിസിനസ് ഇൻക്യുബേറ്ററുകളുടെ സഹായം, തേനീച്ച വളർത്തലിനും തേൻ ഉത്പാദനത്തിനുമുള്ള ധനസഹായം, പ്രാഥമിക കാർഷിക സഹകരണ സംഘം/കാർഷിക കർമ്മസേന/കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് കൊപ്ര ഉണക്കൽ യൂണിറ്റുകൾ, കർഷക ഉത്പാദക സംഘടനകളെ സഹായിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് നൽകുന്ന ധനസഹായം, സംസ്കരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന പദ്ധതി അധിഷ്ഠിത സഹായം, ചെലവ് കുറഞ്ഞ പിക്ക് അപ്പ് വാഹനങ്ങൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കും KAICO യുടെ ചക്ക സംസ്കരണ ഫാക്ടറി, VAFPCL (വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി) എന്നിവയ്ക്കുമായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

അഗ്രി സ്റ്റാർട്ടപ്പ്, അഗ്രി ബിസിനസ് ഇൻക്യുബേറ്ററുകൾക്കുള്ള സഹായം, തേനീച്ച വളർത്തലിനും തേൻ ഉൽപ്പാദനത്തിനുമുള്ള ധനസഹായം, പ്രാഥമിക കാർഷിക സഹകരണ സംഘം/കാർഷിക കർമ്മസേന/കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് കൊപ്ര ഡ്രയിംഗ് യൂണിറ്റുകൾ, ക്രഷക ഉൽപ്പാദക സംഘങ്ങളെ സഹായിക്കുന്നതിന് VFPCK-യ്ക്ക് നൽകുന്ന ധനസഹായം, സംസ്കരണത്തിനായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന പ്രൊജക്ട് അധിഷ്ഠിത ധനസഹായം, ചെലവ് കുറഞ്ഞ പിക്കപ്പ് വാഹനങ്ങൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കും, KAICO-യുടെ ചക്ക സംസ്കരണ ഫാക്ടറി, വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനി എന്നിവയ്ക്കുമായി 12 കോടി രൂപ രണ്ടാംഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

4401-00-113-98 –കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

2025-26 കാലയളവിൽ കോർപ്പറേഷനിലും മുൻസിപ്പാലിറ്റിയിലും ഉൾപ്പെടെ പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും, കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അവയെ ശക്തിപ്പെടുത്തുന്നതിനും പുതിയ 16 കൃഷിശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കാർഷിക കർമ്മസേനകളുടെ ശാക്തീകരണത്തിനുമായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഫാം മെഷിനറി റിപ്പയർ ക്യാമ്പുകൾ നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമിതിയുടെ ശിപാർശ പ്രകാരം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തുടങ്ങിയവയിൽ അടക്കം 15 പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും, കർമ്മസേന ശാക്തീകരണ പ്രവർത്തനങ്ങൾക്കുമായി 3 കോടി രൂപ അധികമായി ലഭ്യമാക്കുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചുവെങ്കിലും അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4435-01-101-97 –ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

RIDF ട്രാഞ്ചെ അടിസ്ഥാനത്തിൽ, RIDF ട്രാഞ്ചെ XXV മുതൽ ട്രാഞ്ചെ XXX വരെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 97 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

RIDF ട്രാഞ്ചെ അടിസ്ഥാനത്തിൽ RIDF ട്രാഞ്ചെ XXV മുതൽ XXX വരെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 97 കോടി രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർഥന വഴി വകയിരുത്താൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. RIDF ട്രാഞ്ചെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ മൂന്ന് കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 97 കോടി രൂപ ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതികൾക്കായി 89.72 കോടി രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ശിപാർശ

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

സ്റ്റേറ്റ് ഹോൾട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഒരു കോടി രൂപ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. ഇതിനാവശ്യമായ ഒരു കോടി രൂപ 2401-00-119-85 ശീർഷകത്തിൽ അധികമായി വകയിരുത്തി അനുവദിക്കുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു;എന്നാൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

കാംകോയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്ന പ്രകാരം കാംകോയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ 2025-26 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തുവാൻ കഴിഞ്ഞില്ല.

കേരള കാർഷിക സർവ്വകലാശാല

ശിപാർശ

2415-01-188-99-36- കേരള കാർഷിക സർവ്വകലാശാല സഹായധനം ശമ്പളേതരം

വിഹിതം: 66,00,00,000 രൂപ (പദ്ധതി)

AICRP ഗവേഷണ പദ്ധതികൾക്കായി വകയിരുത്തേണ്ട (75% ICAR share : 25% state plan share) 25 കോടി രൂപ (കമ്മിത്തുക). 2025-26 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതി നടത്തിപ്പിനായുള്ള തുക എന്നിവ നൽകുന്നതിനായി 31.50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

ശിപാർശ

2415-01-188-99-31-കേരള കാർഷിക സർവ്വകലാശാല സഹായധനം - ശമ്പളം

വിഹിതം: 420,09,60,000 രൂപ (പദ്ധതിയേതരം)

പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ, കമ്മ്യൂട്ടേഷൻ, ആജീവനാന്ത, ക്ഷാമാശ്വാസ, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അധ്യാപകർക്ക് നൽകേണ്ട തുക എന്നീ കുടിശ്ശികകൾ, 2025-26 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന അധിക പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി 151.08 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 65, 66 ശുപാർശയുടെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥ/ധന പുനഃവിനിയോഗം വഴി അധിക പദ്ധതിയേതര വിഹിതമായി 151.08 കോടി രൂപയും, അധിക പദ്ധതി വിഹിതമായി 31.50 കോടി രൂപയും കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കുന്നതിനായുള്ള പ്രോപ്പോസൽ കാർഷിക സർവ്വകലാശാല സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും, ആയത് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം സർവ്വകലാശാലയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് നടപ്പ് വർഷത്തെ ചെലവ് അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുള്ളതിനാൽ ഭരണച്ചെലവുകൾക്ക് നൽകുന്ന സർക്കാർ ധനസഹായം മതിയാവാതെ വരുന്ന പക്ഷം ഭരണ ചെലവുകളിൽ മിതത്വം പാലിച്ചോ തനതു വരുമാന

സ്രോതസ്സുകൾ ശക്തിപ്പെടുത്തി അധിക വിഭവ സമാഹരണം കണ്ടെത്തിയോ പ്രസ്തുത ചെലവുകൾ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്

ശിപാർശ

2402-00-102-85-91- ഉദ്യോഗസ്ഥൻമാർക്ക് പരിശീലന പരിപാടി - പരിശീലനം

വിഹിതം: 1,00,000 രൂപ (പദ്ധതി)

പരിശീലന പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങളായ സെമിനാറുകൾ, കാർഷിക ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും, പ്രദർശനങ്ങൾ നടത്തുന്നതിനും ഡെറാഡൂണിലെ ഐ.ഐ.എസ്.ഡബ്ല്യു.സി.ലേയ്ക്ക് ഉദ്യോഗസ്ഥരെ പരിശീലനത്തിന് നിയോഗിക്കുന്നതിനും സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ (ഐ.ഡബ്ല്യു.ഡി.എം.കെ, ചടയമംഗലം) ശാക്തീകരണത്തിനും ദൈനംദിന ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് 2025-26 പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റും പരിശീലനം നൽകുന്നതിനായി നടപ്പ് സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ 2402-00-102-85-91-P (Training)-ൽ 1 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. 2025-26 കാലയളവിൽ ഈ പദ്ധതി KERA പ്രോജക്ടുമായി സഹകരിച്ച് നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ (IWDM-K, ചടയമംഗലം) ശാക്തീകരണത്തിനും ദൈനംദിന ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി

വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2025-26) പ്രകാരം സമിതി ശിപാർശ ചെയ്തു. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് 49 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കുന്നതിനായി പ്രൊപോസൽ ധന വകുപ്പിന് നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

4402-00-203-91(06) – കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ - സംസ്ഥാന പദ്ധതി

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –68)

സർക്കാർ സ്വീകരിച്ച നടപടി

ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 4402-00-203-91(06) ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല

ശിപാർശ

4402-00-800-74 – തിരുവനന്തപുരം, കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം

വിഹിതം : 75,00,000 രൂപ (പദ്ധതി)

കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള സംരക്ഷണം ഉറപ്പുവരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നിവയ്ക്കായുള്ള സഹസ്രസരോവർ പദ്ധതിയ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും വാർഷിക പ്ലാൻ 2022-23, 2023-24 സഹസ്രസരോവർ പദ്ധതി ഫേസ് II-ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബിൽ കുടിശ്ശിക തുക നൽകുന്നതിനായും 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതം അനുവദിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മറ്റിയുടെ 5-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ഈ ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ 82.40795 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചു. ആകെ 157.40795 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്.

ശിപാർശ

4402-00-800-73 – പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം.

വിഹിതം : 25,00,000 രൂപ (പദ്ധതി)

പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായും 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രൊവിഷൻ 25 ലക്ഷം രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ 23.2687 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ വാർഷിക പദ്ധതി 2025-26 Infrastructural development works of various padasekharams & Improvements of thodu in various Panchyaths in Kerala എന്ന പ്രവൃത്തിയുടെ 1st & Part Bill, 2nd and Final Bill തുകയായ 18,88,827/- രൂപയുടെ ബില്ലുകൾ

സമർപ്പിച്ചെങ്കിലും ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ 5-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4402-00-800-70- നവീകരണം / സംരക്ഷണ പ്രവൃത്തികൾ

വിഹിതം : ഇല്ല

2025-26 സാമ്പത്തികവർഷം വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാലും കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ കടുകുഴിച്ചിറ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനായും 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന;വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം ഒന്നും അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ 5--ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ഈ ശീർഷകത്തിൽ നടപ്പിലാക്കുന്ന Modernisation of Kadukkuzhi Chira in Moodadi Grama Panchayath in Kozhikode District എന്ന പ്രവൃത്തിയുടെ CC 2nd & Part bill തുകയായ 39,57,904/- രൂപ 2025-26 സാമ്പത്തിക വർഷം അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4402-00-800-69 (01)- ബജറ്റിൽ വാല്യം II ൽ ഉൾപ്പെട്ട പദ്ധതികൾ

വിഹിതം : ഇല്ല

ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23-ാം

വാർഡിൽ സ്ഥിതി ചെയ്യുന്ന ചാത്തംകുളത്തിന്റെ നവീകരണ പദ്ധതിയ്ക്കായുള്ള ശീർഷകത്തിൽ വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

KLDC മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയ്ക്കായി 17.01.2024 ലെ സ.ഉ. (സാധാ)നം.54/24/Agri ഉത്തരവ് പ്രകാരം 4402-00-800-69 ശീർഷകത്തിൽ 313.86 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും 2024-25 സാമ്പത്തിക വർഷത്തിൽ 185.07433 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം ഒന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പ്രവൃത്തിയുടെ 2nd and Final Bill തുകയായ 72.64124 ലക്ഷം രൂപ അധികധനാനുമതിയായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 22.10.2025 ലെ SSSC/2822/2025-Fin1 നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പിൽ സമർപ്പിച്ചിട്ടുള്ളത് കൃഷി പിബി വകുപ്പിന്റെ Agri PB2/223/2025/Agri ഫയലിൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിൽ അയച്ചിട്ടുണ്ടെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

വിവര സാങ്കേതികവിദ്യയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഡോക്യുമെന്റേഷൻ, ഇ-ഫയലിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

കൃഷി വകുപ്പ് / കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവ KLDC യെ നേരിട്ടേൽപ്പിക്കുന്ന കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പൊതുമരാമത്ത്/ജലസേചന വകുപ്പുകൾ

ഈടാക്കുന്നതിന് സമാനമായ നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കുന്നതിന് സ.ഉ. (സാധാ) നം.241/2026/കൃഷി തീയതി:06.03.2026 ഉത്തരവ് പ്രകാരം KLDC ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം KLDC യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകും. അധികതുക അനുവദിക്കുന്നതിനുള്ള സമിതിയുടെ നിർദ്ദേശം പരിശോധിക്കുകയും സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന സെന്റേജ് ചാർജ്ജിൽ നിന്നും വിവിധ ഭരണപരമായ ചെലവുകൾക്കുള്ള തുക കണ്ടെത്തുവാനും കൂടാതെ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും തേടുവാനും കെ.എൽ.ഡി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

കെ.എൽ.ഡി.സി ഉദ്യോഗസ്ഥർക്ക് PRICE Software, SBD, E-Tender procedure എന്നിവയിൽ പരിശീലനം നൽകുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

കൃഷി വകുപ്പ് / കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവ KLDC യെ നേരിട്ടേൽപ്പിക്കുന്ന കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പൊതുമരാമത്ത്/ജലസേചന വകുപ്പുകൾ ഈടാക്കുന്നതിന് സമാനമായ നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കുന്നതിന് സ.ഉ. (സാധാ) നം.241/2026/കൃഷി തീയതി:06.03.2026 ഉത്തരവ് പ്രകാരം KLDC ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം KLDC യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകും. അധികതുക അനുവദിക്കുന്നതിനുള്ള സമിതിയുടെ നിർദ്ദേശം പരിശോധിക്കുകയും സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന സെന്റേജ് ചാർജ്ജിൽ നിന്നും വിവിധ ഭരണപരമായ ചെലവുകൾക്കുള്ള തുക കണ്ടെത്തുവാനും കൂടാതെ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും തേടുവാനും കെ.എൽ.ഡി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

2402-00-188-99 - കെ.എസ്.ആർ.ഇ.സി.

വിഹിതം : 93,81,000 രൂപ (പദ്ധതിയേതരം)

സെന്ററിലെ സർക്കാർ അനുമതി പ്രകാരമുള്ള സ്ഥിരം ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി 1.3533 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചിരുന്നുവെങ്കിലും അധിക തുക അനുവദിക്കുകയുണ്ടായില്ല.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

2402-00-102-90 - മണ്ണ് സംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി

വിഹിതം : 54,47,000 രൂപ (പദ്ധതിയേതരം)

മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവ്വേ ചെയ്യുന്ന ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക അനുവദിക്കുന്നതിനായി 14735/- രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവ്വേ ചെയ്യുന്ന ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് 2023-24 മുതൽ 2025 ജനുവരി 31 വരെയുള്ള യാത്രാബത്ത കുടിശ്ശിക അനുവദിക്കുന്നതിനായി "2402-00-102-90-NP" ശീർഷകത്തിൽ 15,000/- രൂപയുടെ അധിക ധനാനുമതി GO(Rt)No.9718/2025/Fin തീയതി 03.12.2025 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

ശിപാർശ

4551-60-800-98 - കാസറഗോഡ് വികസന പാക്കേജ്

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾക്കും അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതികൾക്കുമായി 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ്, ഇടുക്കി ജില്ലാ കളക്ടർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും, ടി വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം, 2025-26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം അധിക തുക ആവശ്യമുള്ളപക്ഷം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കാസറഗോഡ്, ഇടുക്കി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

അനുവദിച്ച തുക വിനിയോഗ പരിധിക്കുള്ളിൽ നിന്നതിനാൽ ഇടുക്കി ജില്ലാ കളക്ടറും, അധിക തുക ആവശ്യമുണ്ടായിട്ടും ബഡ്ജറ്റ് സീലിംഗ് പരിധി 35% മാത്രം അനുവദിച്ചതിനാൽ കാസറഗോഡ് ജില്ലാ കളക്ടറും അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ഇക്കാരണങ്ങളാൽ 2025-26 സാമ്പത്തിക വർഷം കാസറഗോഡ് വികസന പാക്കേജിനു കീഴിലെ 4551-60-800-98 എന്ന ശീർഷകത്തിലും ഇടുക്കി വികസന പാക്കേജിനു കീഴിലെ 4575-60-800-96 എന്ന ശീർഷകത്തിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധിക തുക അനുവദിച്ചില്ല.

ശിപാർശ

4575-60-800-96 - ഇടുക്കി വികസന പാക്കേജ്

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിലെ spillover commitment – നായി 75.94 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ്, ഇടുക്കി ജില്ലാ കളക്ടർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും, ടി വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം, 2025-26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം അധിക തുക ആവശ്യമുള്ളപക്ഷം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കാസറഗോഡ്, ഇടുക്കി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

അനുവദിച്ച തുക വിനിയോഗ പരിധിക്കുള്ളിൽ നിന്നതിനാൽ ഇടുക്കി ജില്ലാ കളക്ടറും, അധിക തുക ആവശ്യമുണ്ടായിട്ടും ബഡ്ജറ്റ് സീലിംഗ് പരിധി 35% മാത്രം അനുവദിച്ചതിനാൽ കാസറഗോഡ് ജില്ലാ കളക്ടറും അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ഇക്കാരണങ്ങളാൽ 2025-26 സാമ്പത്തിക വർഷം കാസറഗോഡ് വികസന പാക്കേജിനു കീഴിലെ 4551-60-800-98 എന്ന ശീർഷകത്തിലും ഇടുക്കി വികസന പാക്കേജിനു കീഴിലെ 4575-60-800-96 എന്ന ശീർഷകത്തിലും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധിക തുക അനുവദിച്ചില്ല.

മൃഗസംരക്ഷണ വകുപ്പ്

ശിപാർശ

2403-00-001-99- ഭരണവും നടത്തിപ്പും

വിഹിതം : 13,33,61,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

12/09/2025 ലെ സർക്കാർ ഉത്തരവ് നമ്പർ GO(RT) No.7365/2025/Fin പ്രകാരം 95000/-(തൊണ്ണൂറ്റി അയ്യായിരം മാത്രം) രൂപയും 11/09/2025 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.7305/2025/Fin പ്രകാരം 6,37,000/- (ആറ് ലക്ഷത്തി മുപ്പത്തിയേഴായിരം മാത്രം) രൂപയും 20/11/2025 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.9398/2025/Fin പ്രകാരം 8000/-(എണ്ണായിരം മാത്രം) രൂപയും 11/03/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2562/2026/Fin പ്രകാരം 60000/-(അറുപതിനായിരം മാത്രം) രൂപയും അഡീഷണൽ ഓതറൈസേഷൻ വഴി ഈ ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്. ഈ ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി ആകെ 8,00,000/- (എട്ടു ലക്ഷം മാത്രം) രൂപ അനുവദിച്ചിട്ടുള്ളതാണ്. 23/03/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.3261/2026/Fin പ്രകാരം 29,000/- (ഇരുപത്തി ഒൻപതിനായിരം മാത്രം) രൂപ ധനപുനഃവിനിയോഗം വഴിയും ലഭ്യമായിട്ടുണ്ട്.

ശിപാർശ

2403-00-001-98- ജില്ലാ ഭരണം

വിഹിതം : 28,36,93,000 രൂപ (പദ്ധതിയേതരം)

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വാടക കൂടിശ്ശിക എന്നിവ നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

28/02/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2117/2026/Fin പ്രകാരം 95000/- (തൊണ്ണൂറ്റി അയ്യായിരം മാത്രം) രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-101-98- ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 2,62,22,17,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാടക കെടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 25.06 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

28/02/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2117/2026/Fin പ്രകാരം 23,59,000/-(ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തി ഒൻപതിനായിരം മാത്രം) രൂപയും 11/03/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No.2562/2026/Fin പ്രകാരം 71000/- (എഴുപത്തൊന്നായിരം മാത്രം) രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. ആകെ 24,30,000/-(ഇരുപത്തിനാലു ലക്ഷത്തി മുപ്പതിനായിരം മാത്രം) രൂപ ഈ ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-101-97- മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 90,87,12,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

28/02/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2117/2026/Fin പ്രകാരം 7,70,000/-(ഏഴ ലക്ഷത്തി എഴുപതിനായിരം മാത്രം) രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-101-86 - രോഗ ഗവേഷണം

വിഹിതം : 7,09,32,000 രൂപ (പദ്ധതിയേതരം)

വിവിധ രോഗ ഗവേഷണ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 4.58 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

20/11/2025-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.9397/2025/Fin പ്രകാരം 16,000/- (പതിനാറായിരം മാത്രം) രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേനയും

23/03/2026-ലെ സർക്കാർ ഉത്തരവ് നമ്പർ 3267/2026/Fin പ്രകാരം 33,000 (മുപ്പത്തിമൂവ്വായിരം മാത്രം) രൂപ ധനപുനഃവിനിയോഗം വഴിയും ലഭ്യായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-101-71- വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 18,50,44,000 രൂപ (പദ്ധതി)

മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ പ്രവർത്തനം, രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിന് 1.4956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

2403-00-101-71-00-34-03-പി ശീർഷകത്തിൽ വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം പദ്ധതിയിൽ 18.5044 കോടി രൂപ വകയിരുത്തിയതിൽ സർക്കാരിൽ നിന്നും ലഭ്യമായ തുകയുടെ 55 % 10.27 കോടി രൂപ ചെലവഴിച്ചു (Permitted Amount). മറ്റ് പദ്ധതി ശീർഷകത്തിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-102-99- ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 1,06,62,36,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 22 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

28/02/2026-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2117/2026/Fin പ്രകാരം 9,28,000/-(ഒൻപത് ലക്ഷത്തി ഇരുപത്തി എണ്ണായിരം മാത്രം) രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകത്തിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

കൃത്രിമ ബീജാധാനത്തിനായി KLD ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.35 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

2403-00-102-96-00-34-03-പി ശീർഷകത്തിൽ വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 7.17 കോടി രൂപ ലഭ്യമാവുകയും, അതിൽ നിന്നും 7.16 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്, ഇതിൽ കോസ്റ്റ് ഓഫ് സെമെൻ ഇനത്തിൽ 6.3 കോടി രൂപ ചെലവഴിച്ചു. ഈ ശീർഷകത്തിൽ ലഭ്യമായത് ആകെ ബജറ്റ് വിഹിതത്തിന്റെ 79 % ആണ്. അതിന്റെ 99.9 % ചെലവഴിച്ചു. മറ്റ് പ്ലാൻ ശീർഷകത്തിൽ നിന്നും സേവിംഗ്സ് ലഭ്യമാകാത്തതിനാൽ KLDB ക്ക് നൽകുവാനുള്ള കമ്മിറ്റഡ് തുക 3.35 കോടി രൂപ നൽകുന്നതിന് സാധിച്ചില്ല.

ശിപാർശ

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 38,67,55,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 42 ലക്ഷം രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സർക്കാർ സ്വീകരിച്ച നടപടി

28/02/2026-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2117/2026/Fin പ്രകാരം 4,06,000/- (നാല് ലക്ഷത്തി ആറായിരം മാത്രം) രൂപയും 11/03/2026-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.2562/2026/Fin പ്രകാരം 4000/- രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. ആകെ 4,10,000/- (നാലു ലക്ഷത്തി പതിനായിരം മാത്രം) രൂപ ഈ ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-102-81- ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 16,35,00,000 രൂപ (പദ്ധതി)

വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 1.15 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സർക്കാർ സ്വീകരിച്ച നടപടി

2403-00-102-81-00-34-03-പി ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശാക്തീകരണം പദ്ധതിയിൽ 16.35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ സർക്കാരിൽ നിന്നും ലഭ്യമായ തുകയുടെ 54 % 8.82 കോടി രൂപ ചെലവഴിച്ചു (Permitted Amount). മറ്റ് പദ്ധതി ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട തുക ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-102-78- ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 48,00,00,000 രൂപ (പദ്ധതി)

ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

മറ്റ് പദ്ധതി ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-103-99- കോഴി വളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 18,18,06,000 രൂപ (പദ്ധതിയേതരം)

കോഴി വളർത്തൽ കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക, ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി 24.8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

06/02/2026 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.1180/2026/Fin പ്രകാരം 1,48,000/-(ഒരു ലക്ഷത്തി നാൽപത്തി എണ്ണായിരം മാത്രം) രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിട്ടുണ്ട്. മറ്റ് പദ്ധതിയേതര ശീർഷകങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ശിപാർശ

2403-00-113-92 – മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും - സി.എസ്.എസ്. - ശമ്പളഘടകം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ശമ്പളയിനത്തിൽ തുക കണ്ടെത്തുന്നതിന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സർക്കാർ സ്വീകരിച്ച നടപടി

15/04/2025 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.3610/2025/Fin പ്രകാരം 9745000/- (തൊണ്ണൂറ്റിയേഴ് ലക്ഷത്തി നാൽപത്തി അയ്യായിരം മാത്രം) രൂപയും 11/09/2025 ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.7340/2025/Fin പ്രകാരം 80,00,000/- (എൺപത് ലക്ഷം മാത്രം) രൂപയും അഡീഷണൽ ഓതറൈസേഷൻ വഴി ഈ ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്. ഈ ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി ആകെ 177,45,000/- (ഒരു കോടി എഴുപത്തിയേഴ് ലക്ഷത്തി നാൽപത്തി അയ്യായിരം മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4403-00-800-97 – മൂലധനം - ആർ.ഐ.ഡി.എഫ്.ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതികളുടെ നടപ്പാക്കൽ

വിഹിതം : ഇല്ല

സർക്കാർ ഉത്തരവ് GO(Rt) No.12/2025/P&EA തീയതി 18.01.2025 പ്രകാരം "കേരള ചിക്കൻ" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി RIDF ഘടകം കൂടി ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ മറ്റ് മൂലധന ശീർഷകങ്ങളിൽ നിന്ന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

മറ്റ് പദ്ധതി ശീർഷങ്ങളിൽ സേവിംഗ്സ് ലഭ്യമാകാത്തതിനാൽ സമിതി ആവശ്യപ്പെട്ട മുഴുവൻ തുകയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കാൻ സാധിച്ചില്ല.

ക്ഷീരവികസന വകുപ്പ്

ശിപാർശ

2404-00-001-99 – ഭരണവും നടത്തിപ്പും - ഡയറക്ടറേറ്റ്

വിഹിതം : 8,51,70,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 23.5 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 28,000 രൂപയും, 04(1) യാത്രാബത്ത ഇനത്തിൽ 1.52 ലക്ഷം രൂപയും, 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 3.47 ലക്ഷം രൂപയും, 06 (വാടക, കരം, നികുതി) ഇനത്തിൽ 50,000 രൂപയും 45(പിഒഎൽ) ഇനത്തിൽ 1.99 ലക്ഷം രൂപയും ഉൾപ്പെടെ 31.26 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സർക്കാർ സ്വീകരിച്ച നടപടി

2404-00-001-99-45-N-V ശീർഷകത്തിൽ എസ് ഡി ജിയിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല. മറ്റ് ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2404-00-001-98 – ജില്ലാ ഭരണം

വിഹിതം : 22,93,55,000/- രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 36.57 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 74,000 രൂപയും, 04(1) യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപയും, 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 5.5 ലക്ഷം രൂപയും, 06 (വാടക, കരം, നികുതി)

ഇനത്തിൽ 2.5 ലക്ഷം, 45(പി.ഒ.എൽ) ഇനത്തിൽ 8.8 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 56.11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സർക്കാർ സ്വീകരിച്ച നടപടി

26/02/2026 ലെ Additional Authorization G.O(Rt)No.2028/2026/Fin ഉത്തരവ് പ്രകാരം 2404-00-001-98-05-02-N-V ശീർഷകത്തിൽ 3.00 ലക്ഷം രൂപയും 26/02/2026 ലെ Additional Authorization G.O(Rt)No.2028/2026/Fin ഉത്തരവ് പ്രകാരം 2404-00-001-98-06-N-V ശീർഷകത്തിൽ 5.00 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2404-00-001-98-04-01, 2404-00-001-98-45 എന്നീ ശീർഷകങ്ങളിൽ എസ് ഡി ജി യിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനവദിച്ചു ലഭിച്ചിട്ടില്ല. മറ്റ് ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2404-00-001-97 – വികസന പ്രവർത്തന ഘടകങ്ങൾ

വിഹിതം : 44,58,79,000/- രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1.504 കോടി രൂപയും, 02(4) കൺസോളിഡേറ്റഡ് ഇനത്തിൽ 4.02 ലക്ഷം രൂപയും ഉൾപ്പെടെ 1,5442 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2404-00-102-96-34-3 – ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ - മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം : 10,08,00,000/- രൂപ (പദ്ധതി)

അപ്രതീക്ഷിത സാഹചര്യത്തിൽ ഉരുക്കൾക്കും ഡയറി ഫാമിനും നാശനഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ ധനസഹായം അനുവദിച്ച് നൽകുന്നതിനായി 1.32 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സർക്കാർ സ്വീകരിച്ച നടപടി

ടി രൂക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-102-77 – കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോത്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

വിഹിതം : 7,50,00,000/- രൂപ (പദ്ധതി)

കേരളത്തിലെ ക്ഷീരമേഖലയിൽ ഉത്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ആയതിനാൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ തരിശു ഭൂമിയിൽ പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിനുമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

സർക്കാർ സ്വീകരിച്ച നടപടി

ടി രൂക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-102-75 – കന്നുകാലിത്തീറ്റകൃഷി വലിയതുറ സ്വീവേജ് ഫാം

വിഹിതം : 2,52,22,000/- രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1.17 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 85,000 രൂപയും ഉൾപ്പെടെ 2.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ ക്ഷാമബത്ത വർദ്ധനവ് ഉണ്ടായെങ്കിലും ഈ ശീർഷകങ്ങളിൽ പ്രതീക്ഷിച്ച അധിക ചിലവ് വരാത്തതിനാൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2404-00-102- 69-34 –കേരള സ്റ്റേറ്റ് ഫോഡർ ഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

വിഹിതം : 50,00,000/- രൂപ (പദ്ധതി)

സംസ്ഥാനത്തെ പാൽ ഉത്പാദനം, ഉപഭോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുന്നതിനായും സ്റ്റേറ്റ് ഫോഡർ പ്ലാൻ 2025-26 സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതിനായി കേരളത്തിലെ തീറ്റപ്പുൽകൃഷി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായും സർവ്വേകൾ നടത്തുന്നതിനായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സർക്കാർ സ്വീകരിച്ച നടപടി

ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-109 - 98 –ക്ഷീരവികസന പരിശീലന കേന്ദ്രം

വിഹിതം : 6,40,52,000/- രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 8.96 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 3.28 രൂപയും, 05(4) മറ്റിനങ്ങളിൽ 20,000/- രൂപയും ഉൾപ്പെടെ 12.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകങ്ങളിൽ പ്രതീക്ഷിച്ച അധിക ചിലവ് വരാത്തതിനാൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2404-00-109 - 93 –വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പദ്ധതി

വിഹിതം : 34,80,00,000/- രൂപ (പദ്ധതി)

2025-26 വർഷം സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനായി അധികമായി പശുക്കളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുന്നതിനും പുതിയതായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശരഹിത വായ്പ ഇനത്തിൽ ധനസഹായം നൽകുന്നതിനുമായി 4.04 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

സർക്കാർ സ്വീകരിച്ച നടപടി

ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

ശിപാർശ

4404-00-109-96 –വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പരിപാടി

വിഹിതം : 5,00,00,000/- രൂപ (പദ്ധതി)

ഡയറി ഫാം സ്ഥാപിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, യന്ത്രവത്ക്കരണം, ആധുനികവൽക്കരണം, കറവ് യന്ത്രം വാങ്ങൽ, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതി ഘടകങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സർക്കാർ സ്വീകരിച്ച നടപടി

ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുദിച്ചു ലഭിച്ചിട്ടില്ല.

മത്സ്യബന്ധന വകുപ്പ്

ശിപാർശ

2405-00-001-99 – ഭരണവും നടത്തിപ്പും - നടത്തിപ്പ്

വിഹിതം : 50,22,40,000 രൂപ (പദ്ധതിയേതരം)

സെൻട്രലൈസ്ഡ് സിസ്റ്റം പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് 74.58 ലക്ഷം രൂപയും എറണാകുളം ജില്ലയിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടേറ്റ് ആഫീസ് ഉൾപ്പെടെയുള്ള ഫിഷറീസ് വകുപ്പിന്റെ വിവിധ ജില്ല മേഖലാ ആഫീസുകൾ സ്ഥിതി ചെയ്യുന്ന കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്ക് 25.3 ലക്ഷം രൂപയും ഉൾപ്പെടെ 99.88 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം സെൻട്രലൈസ്ഡ് ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2405-00-001-99-05 (02) ഇലക്ട്രിസിറ്റി ചാർജസ് (നോൺപ്ലാൻ) ശീർഷകത്തിൽ

34,58,000/- രൂപ അനുവദിച്ചിരുന്നു. അത് പ്രകാരം 34,55,691/- രൂപ ചെലവഴിച്ചിരുന്നു. 2026 മാർച്ച് വരെയുള്ള ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിലേക്കായി 45,50,000/-രൂപ ധനപുനഃവിനിയോഗം മുഖേന ആവശ്യപ്പെട്ടതിൻപ്രകാരം റീ അപ്രോപ്രിയേഷൻ മുഖേന സ.ഉ.(സാധാ) നം.9517/2025/ഫിൻ തീയതി 26.11.2025 പ്രകാരം അനുവദിക്കുകയും ഇതിൽ 42,57,431/- രൂപ ചെലവഴിക്കുകയും ചെയ്തു.

ശിപാർശ

2405-00-101-87 –മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ഗിഫ്റ്റ് ഹാച്ചറികളുടെ പ്രവർത്തന ചെലവ് വഹിക്കുന്നതിനും പുതുതായി ആരംഭിക്കുന്ന Backyard Seed Production Unit കൾക്കാവശ്യമായ ബ്രൂഡ് ഫിഷസ് വാങ്ങി നൽകുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സർക്കാർ സ്വീകരിച്ച നടപടി

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മത്സ്യവിത്തുൽപ്പാദന യൂണിറ്റുകൾ, ഹാച്ചറികൾ, അക്വാറിയങ്ങൾ എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ, കരിമീൻ, വരാൽ പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റുകൾ എന്നിവയ്ക്കായി പദ്ധതി രൂപരേഖ ബഡ്ജറ്റ് തുകയിൽ ഉൾക്കൊള്ളിച്ച് തയ്യാറാക്കി ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും 685.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സീലിംഗ് നിയന്ത്രണമുണ്ടായിരുന്നതിനാൽ യഥാസമയം തുക ജില്ലകൾക്ക് അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല. ശീർഷകത്തിൽ തുക ചെലവാകാതെ നിലനിന്നിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2405-00-101-87- മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

ഹാച്ചറികൾ/ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സർക്കാർ സ്വീകരിച്ച നടപടി

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മത്സ്യവിത്ത് ഹാച്ചറികളുടെ (4 എണ്ണം) ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾക്കായി ബഡ്ജറ്റ് തുകയിൽ ഉൾക്കൊള്ളിച്ച് കൊണ്ട് 100 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും 96.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സമിതിയുടെ ശിപാർശ പ്രകാരം അധിക തുക ലഭ്യമാക്കുന്നതിനായി SDG പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

2405-00-101-62 –മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

മത്സ്യ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് നടപ്പിലാക്കുന്നതിനും മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ച് പരിപാലിച്ച് ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം പദ്ധതിയ്ക്കായി അധിക തുക അനുവദിക്കുന്നതിനായി SDG പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചു നൽകിയിരുന്നില്ല.

ബഡ്ജറ്റ് തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുകയും ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും 371.98 ലക്ഷം രൂപം ചെലവഴിച്ചിട്ടുണ്ട്.

സീലിംഗ് നിയന്ത്രണമുണ്ടായിരുന്നതിനാൽ യഥാസമയം തുക ജില്ലകൾക്ക് അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല.

ശിപാർശ

2405-00-101-54 –മത്സ്യകൃഷി വികസനം

വിഹിതം : 67,50,00,000 രൂപ (പദ്ധതി)

പ്രാദേശിക അടിസ്ഥാനത്തിൽ നടപ്പാക്കുന്ന മുറ്റത്തൊരു മീൻതോട്ടം പോലെയുള്ള ജനകീയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും സാധ്യമായ എല്ലാ ഓരുജലാശയങ്ങളിലും വനാമി ചെമ്മീൻ അടക്കമുള്ള മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുമായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സർക്കാർ സ്വീകരിച്ച നടപടി

മുറ്റത്തൊരു മീൻതോട്ടം, വനാമി ചെമ്മീൻ കൃഷി എന്നീ ഘടക പദ്ധതികൾ ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുകയും, പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും 5312.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സീലിംഗ് നിയന്ത്രണമുണ്ടായിരുന്നതിനാൽ യഥാസമയം തുക ജില്ലകൾക്ക് അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല. വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നതിനാൽ അധിക തുക അനുവദിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2405-00-101-51 –ജലസംഭരണികളിലെ മത്സ്യകൃഷി വികസനം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ആഭ്യന്തര മത്സ്യോൽപാദനത്തിലും വരുമാനത്തിലും വർദ്ധനവുണ്ടാക്കുകയും ഉപജീവനത്തിനായി പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന പദ്ധതി പ്രദേശങ്ങളിലെ അയ്യായിരത്തോളം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം അധിക തുക ലഭ്യമാക്കുന്നതിനായി SDG പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

പദ്ധതി രൂപരേഖ ബഡ്ജറ്റ് തുകയിൽ ഉൾക്കൊള്ളിച്ച് തയ്യാറാക്കി ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും 46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സീലിംഗ് നിയന്ത്രണമുണ്ടായിരുന്നതിനാൽ യഥാസമയം തുക ജില്ലകൾക്ക് അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല.

ശിപാർശ

2405-00-101-48 –അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

വിഹിതം : 7,11,00,000 രൂപ (പദ്ധതി)

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് പ്രാദേശികാടിസ്ഥാനത്തിൽ നിയമിച്ച അക്വാകൾച്ചർ പ്രൊമോട്ടർ, കോ ഓർഡിനേറ്റർ എന്നിവരുടെ ഓണറേറിയം, വേതനം, എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം അധിക തുക ആവശ്യപ്പെടുകയും 2025-26 വർഷത്തിൽ 2405-00-101-54(P) എന്ന ശീർഷകത്തിൽ നിന്നും ധനപുനഃവിനിയോഗം വഴി 311.55 ലക്ഷം രൂപ അനുവദിക്കുകയും 2025-26 വർഷത്തിൽ ആകെ 874.2 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2405-00-103-91 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

തീരദേശ ജില്ലകളിൽ കടൽ പട്രോളിംഗ് നടത്തുന്നതിനായി സജ്ജമാക്കിയ റെസ്ക്യൂ ബോട്ടുകളുടെ ഇന്ധന ചെലവുകൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സർക്കാർ സ്വീകരിച്ച നടപടി

തീരദേശ ജില്ലകളിൽ കെ. എം. എഫ്. ആർ. നിയമം നടപ്പിലാക്കുന്നതിന്റെ ബാഗമായി 9 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തന ചെലവുകൾ കടൽ സുരക്ഷയുടെ ഭാഗമായി നടത്തുന്ന കടൽ പട്രോളിംഗ്, കടൽ രക്ഷാ പ്രവർത്തനങ്ങൾ, ട്രോളിംഗ് നിരോധന കാലയളവിലും അല്ലാത്ത കാലത്തും വാടകയ്ക്കെടുക്കുന്ന റെസ്ക്യൂ ബോട്ടുകളുടെ വാടകയും ഇന്ധന ചെലവും 9 തീരദേശ ജില്ലകളിലും പുതുതായി നിർമ്മിച്ചിട്ടുള്ള എഫ്.ആർ.പി. യാനങ്ങളുടെ ഇന്ധന ചെലവ്, റെസ്ക്യൂ ബോട്ടുകളിലും എഫ്. ആർ. പി. യാനങ്ങളിലും ലൈഫ് ഗാർഡ്മാരെ നിയോഗിക്കുന്നതിന്റെ ചെലവുകൾ, അടിയ്ക്കടി അപകടം നടക്കുന്ന മുതലപ്പൊഴിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി നിയോഗിച്ചിട്ടുള്ള 30 റെസ്ക്യൂ ഗാർഡുമാരുടെ വേതനം, മുതലപ്പൊഴിയിൽ പ്രവർത്തിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽ നിന്നും വാങ്ങി നൽകിയ ആംബുലൻസിലെ ഡ്രൈവർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ വേതനം, തീരദേശ ജില്ലകളിൽ തീര സുരക്ഷയുടെ ഭാഗമായി 10 മത്സ്യബന്ധന ഹാർബറുകളിൽ

സി.സി.റ്റി.വി. നിരീക്ഷണം നടത്തുന്നതിന്റെ AMC ചെലവുകൾ, മത്സ്യബന്ധന തുറമുഖങ്ങളുടെ നിരീക്ഷണത്തിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങളും മത്സ്യത്തൊഴിലാളികളും കടലിൽ പോകുന്നതും, തിരികെ വരുന്നതുമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ പഞ്ചിംഗ് സൗകര്യം സ്ഥാപിക്കുന്നതിന്, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ നടത്തുന്ന ബോധവൽക്കരണ പരിശീലന പരിപാടികൾ, മറൈൻ ഡേറ്റാ കളക്ഷൻ നടത്തുന്ന മറൈൻ എന്യൂമറേറ്റർമാരുടെ വേതനം എന്നിവയ്ക്ക് 2405-00-103-91 എന്ന ശീർഷകത്തിൽ 900.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ധനകാര്യ വകുപ്പിന്റെയും ട്രഷറിയുടെയും നിയന്ത്രണം നിലനിന്നിരുന്നതിനാലും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാലും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുന്നത്തുന്നതിനായി ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

ശിപാർശ

2405-00-103-82 –സംയോജിത മത്സ്യബന്ധന വികസന പദ്ധതി
(100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഫിഷറീസ് ഡെവലപ്മെന്റ് പദ്ധതിക്ക് 2022-23-ലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതമായി 1.7667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.), എൻ. സി.ഡി.സി. ഇത്തരത്തിലുള്ള മറ്റ് ധനകാര്യ

സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് മത്സ്യഫെഡ് ക്രെഡിറ്റ് സമാഹരിച്ച് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സൊസൈറ്റി വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. ഇത്തരത്തിൽ എടുക്കുന്ന ലോണുകൾക്ക് സബ്സിഡിയും ഓഹരി മൂലധനവും നൽകുന്നതിന് 2025-26 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ തുക പൂർണ്ണമായും ചെലവഴിച്ചിരുന്നു. എൻ.സി.ഡി.സി. - ഐ.എഫ്.ഡി.പി. 2022-23 പദ്ധതികളുടെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം 226.67 ലക്ഷം രൂപയായിരുന്നു. ഇതിനായി 176.67 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു (B1/220/2024-F&P in Finance)

ശിപാർശ

2405-00-103-80 - മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 49,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി നൽകുന്നതിനായും സാഫ് യൂണിറ്റുകളുടെ ബിസിനസ് മെച്ചപ്പെടുത്തി സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും അപെക്സ്/കാറ്റഗറി ഫെഡറേഷൻ ശക്തിപ്പെടുത്തി ഒരു പ്രൊഡ്യൂസർ കമ്പനിയാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി ഇനത്തിൽ 2024-25 വർഷത്തിൽ വകയിരുത്തിയ 300 ലക്ഷത്തിൽ 150 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2024-25 വർഷത്തിൽ അധികമായി 50 ലക്ഷം രൂപയും ഈ ഇനത്തിൽ ആവശ്യമുണ്ട്. 3519 മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. ഇത് കൂടാതെ സാഫ് യൂണിറ്റുകളുടെ ബിസിനസ് മെച്ചപ്പെടുത്തി സുസ്ഥിരത ഉറപ്പു വരുത്തുന്നതിനും ഗുണമേന്മയുള്ള ബ്രാൻഡ്

ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും അപെക്സ്/കാറ്റഗറി ഫെഡറേഷൻ ശക്തിപ്പെടുത്തി ഒരു പ്രൊഡ്യൂസർ കമ്പനിയാക്കി മാറ്റേണ്ടത് ആവശ്യമാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2025-26 വർഷം 8 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. 2025-26 സാമ്പത്തിക വർഷം ആകെ വകയിരുത്തിയിരുന്ന 4900 ലക്ഷം രൂപയിൽ 3454.24 ലക്ഷം രൂപ ചെലവഴിച്ചിരുന്നു.

ശിപാർശ

2405-00-103-76 – സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലുമായി 15 പ്രധാന ഹാർബറുകളിൽ രൂപീകരിച്ചിട്ടുള്ള 100 സീ റസ്ക്യൂ സ്ക്വാഡുകളുടെ വേതനം, മാസ്റ്റർ കൺട്രോൾ റൂം, 3 റീജിയണൽ കൺട്രോൾ റൂമുകൾ എന്നിവയുടെ പ്രവർത്തനം, സുരക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതലപ്പൊഴി ഹാർബറിലെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഡിപ്ലോയ് ചെയ്തിട്ടുള്ള ലൈഫ് ഗാർഡുകളുടെ വേതനം, കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ റെക്കോഡ് ചെയ്യുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് ഓട്ടോമേറ്റഡ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 1 കോടി രൂപയും 1000 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഡിസ്ട്രസ് സിഗ്നൽ ഫ്ലെയറുകൾ, വാട്ടർ പ്രൂഫ് ടോർച്ച് ലൈറ്റുകൾ, ഹാൻഡ് ഹെൽഡ് ഫ്ലെയറുകൾ, റിഫ്ലക്ടീവ് ടേപ്പുകൾ, മൾട്ടിപർപ്പസ് ടൂൾ, മറൈൻ ഫസ്റ്റ് എയ്ഡ് കിറ്റ്, റിപ്പയർ കിറ്റ് സൂചികൾ, ട്വയിനുകൾ എന്നിവ ഉൾപ്പെടുത്തി എമർജൻസി സേഫ്റ്റി കിറ്റ് നൽകുന്നതിന് 1 കോടി രൂപയും ഉൾപ്പെടെ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ സമുദ്ര സുരക്ഷയും രക്ഷാ പ്രവർത്തനങ്ങളും എന്ന പദ്ധതിക്കായി 2405-00-103-76-34-03 (പ്ലാൻ) എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 9 മറൈൻ ജില്ലകളിലെ 15 തുറമുഖങ്ങളിലായി പ്രതിമാസം 20,790 രൂപ നിരക്കിൽ 100 സീ റെസ്ക്യൂ സ്ക്വാഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സീ റെസ്ക്യൂ സ്ക്വാഡുകൾക്കുള്ള പുനർമൂല്യനിർണ്ണയ പരിശീലനത്തിനുള്ള ചെലവുകൾ, മാസ്റ്റർ കൺട്രോൾ റൂമിലെയും റീജിയണൽ കൺട്രോൾ റൂമിലെയും സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ ശമ്പളം, മാസ്റ്റർ കൺട്രോൾ റും ഡ്രൈവറുടെ ശമ്പളം, ഇന്ധന അറ്റകുറ്റപ്പണി, മാസ്റ്റർ കൺട്രോൾ റും വാഹനത്തിന്റെ ഇൻഷുറൻസ് തുടങ്ങിയ പ്രവർത്തന ചെലവുകൾ, കൺട്രോൾ റൂമിന്റെ ഇന്റർനെറ്റ്, ടെലിഫോൺ ബില്ലുകൾ ഉൾപ്പെടെയുള്ള ആശയ വിനിമയ ചെലവുകൾ, അടിയന്തര ദുരന്ത പ്രതികരണങ്ങളുമായി ബന്ധപ്പെട്ട അപ്രതീക്ഷിത ചെലവുകൾ എന്നിവയ്ക്കായി 2025-26 സാമ്പത്തിക വർഷത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ധനകാര്യ വകുപ്പിന്റെയും ട്രഷറിയുടെയും നിയന്ത്രണം നിലനിന്നിരുന്നതിനാലും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാലും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തുന്നതിനായി ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

ശിപാർശ

2405-00-103-73 – മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

വിഹിതം : 50,00,000 രൂപ (പദ്ധതി)

വിഴിഞ്ഞം, മുതലപ്പൊഴി, പൊഴിയൂർ, അഞ്ചാനൂർ എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി 2025-26 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ആയതിൽ 31.03.2026-വരെ 34,69,597/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ 1 കോടി ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിനാൽ അധികമായി അനുവദിച്ച തുക ചെലവാക്കിയിട്ടില്ല.

ശിപാർശ

2405-00-103-69 – ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനായി 3.75 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ രണ്ടാം ഘട്ടമായ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിന് 2405-00-103-69(പി) ശീർഷകത്തിൽ നിന്നും 28.03.2025-ലെ സ.ഉ.(സാധാ) നം. 239/2025/F&P പ്രകാരം 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കൊണ്ടും പ്രസ്തുത തുക 2025-26 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനും ഉത്തരവായിരുന്നു. പ്രസ്തുത തുക ഉപയോഗപ്പെടുത്തി 2025 ഏപ്രിൽ 11-ന് രാവിലെ 7 മുതൽ 1 വരെ ശുചിത്വ സാഗരം സുന്ദര തീര പദ്ധതിയുടെ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം എന്ന രണ്ടാം ഘട്ട പ്രവർത്തനം 9 തീരദേശ ജില്ലകളിലായി നടപ്പിലാക്കി. 2025-26 സാമ്പത്തിക വർഷത്തിൽ ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ ഒന്നും ലഭ്യമായിട്ടില്ല.

ശിപാർശ

2405-00-105-86 – മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

നിർമ്മാണത്തിലിരിക്കുന്ന മത്സ്യ മാർക്കറ്റുകളുടെ പൂർത്തീകരണത്തിനും മൂല്യ വർദ്ധിത വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സർക്കാർ സ്വീകരിച്ച നടപടി

നിർമ്മാണത്തിലിരിക്കുന്ന മത്സ്യമാർക്കറ്റുകളുടെ പൂർത്തീകരണത്തിനും മൂല്യവർദ്ധിത വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 2405-00-105-86 എന്ന ശീർഷകത്തിൽ 2,50,00,000/- രൂപ 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. നിർമ്മാണത്തിലിരിക്കുന്ന മത്സ്യമാർക്കറ്റുകളുടെ പൂർത്തീകരണത്തിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അപേക്ഷിക്കുകയുമുണ്ടായി.

എന്നാൽ പ്രതീക്ഷിച്ച രീതിയിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചില്ല. തുകയുടെ 35% ആയ 87,05,463/- രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ആയത് പ്രകാരം കൊല്ലം ജില്ലയിലെ എഴുകോണിൽ Modern Hygienic Fish Market Cum Office Complex നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയുടെ ഭാഗമായി 65,843/- രൂപയും കൊട്ടാരക്കര, കുളക്കട പഞ്ചായത്തിലെ കലയപുരത്ത് ആധുനിക മാർക്കറ്റ്, വാണിജ്യ സമുച്ചയം എന്നിവ നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയുടെ ഭാഗമായി 62,835/- രൂപയും ശക്തികുളങ്ങര ഡ്രൈഫിഷ് കോംപ്ലക്സ് & മത്സ്യസംസ്കരണ കേന്ദ്രം (EIA-EU) നവീകരണ പ്രവൃത്തികൾ നടത്തിയ ഇനത്തിൽ 8,04,188/- രൂപയും ഞാറനാട് പടനിലം മത്സ്യമാർക്കറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് CC Ist & Part Bill പ്രവൃത്തികൾക്ക് ബിൽ തുകയും കൺസൾട്ടൻസി ചാർജ്ജും ഉൾപ്പെടെ 32,26,261/- രൂപയും അനുവദിച്ചിട്ടുണ്ട്. സീലിംഗ് നിയന്ത്രണമുണ്ടായിരുന്നതിനാൽ തുക മുഴുവനും ചെലവഴിക്കുവാൻ സാധിച്ചില്ല.

ശിപാർശ

2405-00-109-91 – വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വിജ്ഞാന വ്യാപനത്തിനും പദ്ധതി നിർവ്വഹണ വിലയിരുത്തലിനുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

സർക്കാർ സ്വീകരിച്ച നടപടി

വകുപ്പിലെ ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ 2405-00-109-91 (PV) എന്ന ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ 1,16,25,000/- രൂപ അനുവദിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ 2024-25 സാമ്പത്തിക വർഷം നിരസിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 116.25 ലക്ഷം രൂപ അനുവദിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് അംഗീകരിച്ച് 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് കൂടി ഫിഷറീസ് ഡയറക്ടറേറ്റ്, മേഖലാ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, ഫിഷറീസ് സ്റ്റേഷനുകൾ, ഹാച്ചറികൾ എന്നീ ഓഫീസുകളിൽ നിന്ന് ലഭ്യമായ കണക്ക് പ്രകാരം ലാപ് ടോപ്പ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 30,25,335/- രൂപ ചെലവഴിച്ചിട്ടുണ്ട്. 24.09.2025-ന് ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് കൂടി ഫിഷറീസ് ഡയറക്ടറേറ്റ് മേഖലാ ഓഫീസുകൾ, ഫിഷറീസ് സ്റ്റേഷനുകൾ, ഹാച്ചറികൾ, വകുപ്പിലെ താഴെത്തട്ടിലുള്ളതും ഇ-ഗവേണൻസ് നടപ്പിലാക്കേണ്ടതുമായ മത്സ്യഭവനുകൾ, ഇൻസ്പെക്ഷൻ ഓഫീസുകൾ, സഹകരണ ഓഫീസുകൾ എന്നിവിടങ്ങളിൽ ആകെ 2,07,44,000/- രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

വാങ്ങുന്നതിന് തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ശിപാർശ

2405-00-110-96- മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി പദ്ധതി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

2023-24 കാലയളവിൽ മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും 500 യാനങ്ങളെ LPG എഞ്ചിനുകളാക്കി മാറ്റുന്നതിനും (യൂണിറ്റ് തുക 70,000/- രൂപ, സബ്സിഡി 75%) ഭരണാനുമതി ലഭ്യമായിട്ടുള്ള 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി 1.625 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കുകയും ആയതിനു 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ഭരണാനുമതിയും തുകയും നൽകുകയും ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 200 ഗുണഭോക്താക്കൾക്ക് 50,000/- രൂപ സംസ്ഥാന സഹായം നൽകുന്നതിനായി മത്സ്യഫെഡിന് 2405-00-110-96(P) ശീർഷകത്തിൽ നിന്ന് 100 ലക്ഷം രൂപ അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിക്കുകയും ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ആയത് അവസാനിച്ചതിന് ശേഷം ഭരണാനുമതി നൽകുന്നതിന് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ തുടർന്ന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയപ്പോൾ സാമ്പത്തിക വർഷം അധികരിച്ചതിനാൽ ഭരണാനുമതി നൽകുവാൻ കഴിഞ്ഞില്ല. (file no.B1/282/2025-F and P)

ശിപാർശ

2405-00-120-98- ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം - സാഫിനുള്ള ധനസഹായം

വിഹിതം : ഇല്ല

Gender Equality and Women Empowerment Policy-ൽ ഉൾപ്പെടുത്തി "Online Course on Digital Media, Marketing and Advertising Design" എന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സർക്കാർ സ്വീകരിച്ച നടപടി

ലിംഗ സമത്വ സ്ത്രീശാക്തീകരണ നയ നിർവ്വഹണത്തിനായി സാഫിനുള്ള ധനസഹായമായി 2025-26 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശിപാർശ

2405-00-121-97- രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 27,77,50,000 രൂപ (പദ്ധതിയേതരം)

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക തീർത്ത് യഥാസമയം വിതരണം ചെയ്യുന്നതിനായി 38.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം നോൺ പ്ലാൻ ശീർഷകത്തിൽ 27.775 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ ഭരണാനുമതി ലഭ്യമായ 9.69 കോടി രൂപയും പൂർണ്ണമായും അനുവദിച്ചതോടൊപ്പം തുക അപര്യാപ്തമായതിനാൽ അധിക ധനാനുമതിയായി 38 കോടി രൂപയും റീ അപ്രോപ്രിയേഷൻ വഴി 13 കോടി രൂപയും കൂടി ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. 2025-26 സാമ്പത്തിക വർഷത്തിൽ ടി

ശീർഷകത്തിൽ നിന്നും 7868.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2405-00-121-96 –മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,18,00,000 രൂപ (പദ്ധതി)

അനുബന്ധ തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയ 118 ലക്ഷം രൂപയ്ക്കൊപ്പം, അധിക ധനാനുമതിയായി ലഭ്യമാക്കിയ 26.38 ലക്ഷം രൂപയും 24.00 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 168.38 ലക്ഷം രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിച്ചിരുന്നു.

ശിപാർശ

2405-00-121-92 –മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. ടി പദ്ധതിക്ക് ആകെ 11,85,47,924/- രൂപ ആവശ്യമായതിനാൽ തുക അപര്യാപ്തമായി വന്ന

സാഹചര്യത്തിൽ അധിക ധനാനുമതിയായി 1,85,48,000/- രൂപ കൂടി ലഭ്യമാക്കി KFWFB ന് അനുവദിച്ചു നൽകി. 2025-26 സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ ആകെ 1185.48 ലക്ഷം രൂപ ചെലവഴിച്ചു.

ശിപാർശ

2405-00-121-90 –മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ നവീകരണവും പരിപാലനവും

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

പത്ത് വർഷമോ അതിലധികമോ പഴക്കമുള്ള വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഓരോ മത്സ്യത്തൊഴിലാളിക്കും മെച്ചപ്പെട്ട ജീവിത സാഹചര്യം പ്രദാനം ചെയ്യുന്നതിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ പരിഗണിച്ച് Renovation and Maintenance of old and dilapidated houses of fisherfolk എന്ന പദ്ധതിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകി. യൂണിറ്റിന് 1 ലക്ഷം രൂപ വീതം 1000 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്ന രീതിയിൽ പദ്ധതി രൂപകൽപ്പന ചെയ്തു. അർഹതാ മാനദണ്ഡങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ, അപേക്ഷാ രീതി എന്നിവ സർക്കാർ അംഗീകരിക്കുകയും, വീടിന്റെ പഴക്കം 10 വർഷത്തിൽ നിന്ന് 8 വർഷമായി ഇളവ് അനുവദിക്കുകയും ചെയ്തതോടെ കൂടുതൽ വീടുകൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം ലഭ്യമാക്കാൻ സാധിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ ആകെ വകയിരുത്തിയിരുന്ന 1000 ലക്ഷം രൂപയിൽ ആകെ 691.50 ലക്ഷം രൂപ ചെലവഴിച്ചു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികളും ധനകാര്യ നിയന്ത്രണങ്ങളും നിലനിന്നിരുന്നതിനാലും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിക്കാത്തതിനാലും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തുന്നതിനായി

ശിപാർശ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടില്ല.

ശിപാർശ

2405-00-188-99 –കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല

വിഹിതം : 35,50,00,000 രൂപ (പദ്ധതി)

പയ്യന്നൂർ ഫിഷറീസ് കോളേജ് നിർമ്മാണ പ്രവർത്തനം, കഫോസ് ആസ്ഥാനത്തെ നിർമ്മാണ പ്രവർത്തനം എന്നിവ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

സർക്കാർ സ്വീകരിച്ച നടപടി

പയ്യന്നൂർ ഫിഷറീസ് കോളേജ് നിർമ്മാണ പ്രവർത്തനവും, കഫോസ് ആസ്ഥാനത്തെ നിർമ്മാണ പ്രവർത്തനവും ത്വരിതപ്പെടുത്തുന്നതിനായി 20 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് പ്രൊപ്പോസൽ ഒന്നും ലഭ്യമാകാത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-188-99- സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്

വിഹിതം : 17,15,70,000 രൂപ (പദ്ധതിയേതരം)

2022 മുതൽ വിരമിച്ച അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ശമ്പള പരിഷ്കരണത്തിലെ കുടിശ്ശികയും ഡി.എ. കുടിശ്ശികയും ജി.പി.എഫ് അക്കൗണ്ടിൽ അടയ്ക്കുന്നതിനുമായി 8.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സർക്കാർ സ്വീകരിച്ച നടപടി

2022 ഡിസംബർ മുതൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും വിരമിച്ചവരുടെയും 2026-27 സാമ്പത്തിക വർഷത്തിൽ വിരമിക്കാൻ പോകുന്നവരുമായ ജീവനക്കാരുടെ ജനറൽ പ്രൊവിഡന്റ് ഫണ്ട് സെറ്റിൽമെന്റുകൾക്കും പദ്ധതിയേതര വിഹിതത്തിനും ചെലവിനും ഇടയിലുള്ള അന്തരം കുറയ്ക്കുന്നതിനുമായി കുഫോസിന് 20.00 കോടി രൂപ ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്നതിന് കുഫോസ് രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. (File no.B1/213/2023)

ശിപാർശ

2405-00-188-97- സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

വിഹിതം : 74,43,000 രൂപ (പദ്ധതിയേതരം)

സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ എസ്.എഫ്.എം.സി. അംഗീകരിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ ജോലി നോക്കുന്നവർക്ക് ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കും കെട്ടിടവാടകയും നൽകുന്നതിനായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

സർക്കാർ സ്വീകരിച്ച നടപടി

2405-00-188-97-31 നോൺ പ്ലാൻ (സാലറി) എന്ന ശീർഷകത്തിൽ SFMC യിൽ പുതിയതായി ഡെപ്യൂട്ടേഷന് അപേക്ഷിച്ചിരുന്ന 2 എക്സ്റ്റൻഷൻ ഓഫീസർമാരുടെ അപേക്ഷ അനുകൂല നടപടികൾക്കായി സമർപ്പിച്ചിരുന്നു. ഇവരെ പരിഗണിക്കുന്ന പക്ഷം ശമ്പളം നൽകുന്നതിന് 3 ലക്ഷം രൂപ അധികമായി ആവശ്യം വരുമെന്ന് അറിയിച്ചിരുന്നു. എന്നാൽ SFMC യിൽ അപേക്ഷിച്ച എക്സ്റ്റൻഷൻ ഓഫീസർമാരുടെ അപേക്ഷ ഇതുവരെ പരിഗണിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാരുടെ 2025-26 സാമ്പത്തിക വർഷത്തെ ശമ്പളം നൽകുന്നതിന് അധികമായി ആവശ്യപ്പെട്ടിരുന്ന 1,48,000/- രൂപ സ.ഉ.(സാധാ) നം.3007/2026/ഫിൻ തീയതി 18.03.2026 പ്രകാരം അനുവദിച്ചതനുസരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2405-00-190-95 -കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ.)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കാവിൽ-ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും നവീകരിച്ച് ഉപയോഗയോഗ്യമാക്കുക, നിലവിലുള്ള ഹബ്ബുകളുടെ മുഴുവൻ അറ്റകുറ്റപണികളും പൂർത്തിയാക്കുക, ഉയർന്ന ഗുണമേന്മയുള്ളതും വിപണി മൂല്യമുള്ളതുമായ വിത്തുമത്സ്യങ്ങളെ ശേഖരിച്ച് മത്സ്യ വിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്ത് വിപണനയോഗ്യമായവ മത്സ്യകർഷകരിൽ നിന്നും ശേഖരിച്ച് വിപണനം നടത്തുക, അലങ്കാര ജലസസ്യ ഉല്പാദന യൂണിറ്റ് വിപുലീകരിക്കുക, ബയർ സെല്ലർ മീറ്റ് വ്യാപിപ്പിക്കുക, പരിശീലന പരിപാടികൾ വിപുലീകരിക്കുക, കാവിൽ-ന്റെ ലാബ് നവീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതി രൂപരേഖ ബഡ്ജറ്റ് തുകയിൽ ഉൾക്കൊള്ളിച്ച് തയ്യാറാക്കി ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2025-26 വർഷത്തിൽ ഈ ശീർഷകത്തിൽ നിന്നും 65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ സീലിംഗ് നിലനിന്നിരുന്നതിനാൽ യഥാസമയം തുക ജില്ലകൾക്ക് അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ശീർഷകത്തിൽ തുക ചെലവാകാതെ നിലനിന്നിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

2405-00-800-21 –കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം : 1,86,50,000 രൂപ (പദ്ധതിയേതരം)

കടാശ്വാസ കമ്മീഷന് ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായും നിലവിലുണ്ടായിരുന്ന വാഹനങ്ങൾ 15 വർഷ കാലാവധി പൂർത്തീകരിച്ച് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ

പുതിയ വാഹനം വാങ്ങുന്നതിനായും 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഭരണ ചെലവുകൾക്കായി 2405-00-800-21-31 എന്ന ശീർഷകത്തിൽ സഹായ ധനം - ശമ്പള ഇനത്തിൽ 51.50 ലക്ഷം രൂപയും 2405-00-800-21-36 സഹായധനം ശമ്പളേതരം എന്ന ഇനത്തിൽ 10 ലക്ഷം രൂപയും ആകെ 61.50 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു.

1. 2025-26 സാമ്പത്തിക വർഷം 2405-00-800-21-31 ശമ്പളം എന്ന ശീർഷകത്തിൽ 51,50,000/- രൂപയും 2405-00-800-21-36 ശമ്പളേതരം എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും അഡീഷണൽ തുകയായി സ.ഉ.(സാധാ)നം.8334/2025/ധന തീയതി 18-10-2025 ശമ്പളം ഇനത്തിൽ 25,00,000/- രൂപയും ഉൾപ്പെടെ ആകെ 78,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

2. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അഡീഷണൽ ഫണ്ടായി ശമ്പളം ഇനത്തിൽ 38,50,000/- രൂപയും ശമ്പളേതരം ഇനത്തിൽ ബാക്കി ലഭിക്കാനുള്ള 8,00,000/- രൂപയും സീലിംഗ് ഒഴിവാക്കി അടിയന്തിരമായി അനുവദിക്കണമെന്ന ഫിഷറീസ് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി [സ.ഉ.(സാധാ) നം.906/2025/മ.തു.വ. തീയതി 23/12/2025] 2405-00-800-21-00-31-00-NV ശീർഷകത്തിൽ അധിക ധനാനുമതിക്കായി 20,00,000/- രൂപയും 2405-00-800-21-00-36-00-NV ശീർഷകത്തിൽ 2,00,000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

3. കമ്മീഷന്റെ കാലാവധി 31/03/2026 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് എന്നും ആകെ ശമ്പളം ഇനത്തിൽ ഒരു മാസം 7,30,000/- രൂപയും ശമ്പളേതര ചെലവുകൾക്കായി മാസം 80,000/- രൂപയും ചെലവ് വരും എന്നും ഇ-ഓഫീസ് സംവിധാനം

ഏർപ്പെടുത്തുന്നതിന് 9,87,444/- രൂപയും ഉൾപ്പെടെ ആകെ 31,77,444/- രൂപ ആവശ്യമായി വരും എന്നും കമ്മീഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു. അക്കൗണ്ടിൽ ബാക്കിയുള്ള 17,32,539/- രൂപ ചെയർപേഴ്സണിന്റെയും ജീവനക്കാരുടെയും ശമ്പളം, ശമ്പളേതര ചെലവുകൾക്ക് തികയുകയില്ല എന്നും ആയതിനാൽ അഡീഷണൽ ഫണ്ടായി ശമ്പളം ഇനത്തിൽ 10,00,000/- രൂപയും ശമ്പളേതര ഇനത്തിൽ ബാക്കി ലഭിക്കാനുള്ള 6,00,000/- രൂപയും സീലിംഗ് ഒഴിവാക്കി അടിയന്തരമായി അനുവദിക്കുന്നതിനായി കടാശ്വാസ കമ്മീഷനിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് വകുപ്പിൽ നിന്നുള്ള 16/03/2026-ലെ ജി.ഒ.(ആർ.ടി) നം. 2862/2026/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 2405-00-800-21-00-31 സഹായധനം ശമ്പളം (നോൺ പ്ലാൻ) ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചത് കടാശ്വാസ കമ്മീഷന് അനുവദിച്ചു നൽകിയിട്ടുണ്ട്.

4. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 57, 58, 59, 1, 61, 8, 63, 64, കളിൽ ഉൾപ്പെട്ട 16 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി 7,98,472/- രൂപ 2405-00-800-21-00-34-ഒസി(നോൺ പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചു നൽകുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്മേൽ സ.ഉ(സാധാ)നം.222/2026/മ.ഇ.വ. തീയതി 11-03-2026 പ്രകാരം 7,98,472/- രൂപ അനുവദിച്ച് ഉത്തരവാകുകയും ആയത് ടി ഗുണഭോക്താക്കൾ വായ്പ എടുത്ത വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം ആകെ 110.82712 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി 31/03/2026 മുതൽ 30/09/2026 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ കമ്മീഷൻ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമാണ്.

<u>ശിപാർശ</u>

4405-00-103-94–<u>തീരദേശ റോഡുകളുടെ നവീകരണം</u>

വിഹിതം : 93,53,61,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

സർക്കാർ സ്വീകരിച്ച നടപടി

30 കോടി രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. ഈ ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ചെലവ് 90.44 കോടിയാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ബില്ലുകളുടെ കൂടിശ്ശിക തുക (EMLI പോർട്ടലിൽ ചേർത്ത് തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളത്) 18.02 കോടിയാണ്. സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകൾ WAMS ക്ലിയറൻസിനായി പെൻഡിംഗിലാണ്. അക്കാരണത്താലാണ് മുഴുവൻ തുകയും ചെലവഴിക്കാനാകാത്തത്.

ശിപാർശ

4405-00-103-92 - വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം : ഇല്ല

കാലാവസ്ഥ വ്യതിയാനം മൂലം ഭവനം നഷ്ടപ്പെട്ട് വാടക വീട്ടിൽ കഴിയേണ്ടി വന്ന തിരുവനന്തപുരം ജില്ലയിലെ 225 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതുവരെ പ്രതിമാസം 5500 രൂപ നിരക്കിൽ വാടക അനുവദിക്കുന്നതിനായി 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

സർക്കാർ സ്വീകരിച്ച നടപടി

കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് തിരുവനന്തപുരം താലൂക്കിലെ തീരദേശ മേഖലയിൽ വീടുകൾ നഷ്ടപ്പെട്ട് താമസം മാറേണ്ടിവന്ന കുടുംബങ്ങൾക്ക് പുനരധിവാസ നടപടികൾ പൂർത്തിയാകുന്നതു വരെ മുൻകൂർ പ്രതിമാസ ധനസഹായമായി 5500/- രൂപ വീതം വിതരണം ചെയ്യുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 4405-00-103-

92 (പ്ലാൻ) എന്ന ശീർഷകത്തിൽ 27,23,000/- രൂപ അധിക ധനാനുമതി അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 27,22,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ എല്ലാവർക്കും പുനരധിവാസ സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ, ഇനി ആർക്കും വാടക സഹായം നൽകേണ്ട ആവശ്യമില്ല.

ശിപാർശ

4405-00-103-89 - പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

വിഹിതം : 60,00,00,000 രൂപ (പദ്ധതി)

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവയ്ക്കും നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ഉടൻ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ബിൽ തുക അനുവദിക്കുന്നതിനുമായി 40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 60 കോടി രൂപയാണ് പുനർഗേഹം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ആയതിൽ നിന്നും 2024-25 സാമ്പത്തിക വർഷം കുടിശ്ശികയുണ്ടായിരുന്നതും, 2025-26 സാമ്പത്തിക വർഷം പുനർഗേഹം പദ്ധതി വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണത്തിന് ആനുകൂല്യം അനുവദിക്കുന്നതിന് അടിയന്തരമായി ജില്ലകൾക്ക് ആവശ്യമുള്ള തുകയും ഫ്ലാറ്റ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച് ലഭ്യമാക്കുന്ന പാർട്ട് ബില്ലുകൾ നിർമ്മാണ ഏജൻസികൾ/കരാറുകാർക്ക് നൽകുന്നതിനും സീലിംഗ് നിയന്ത്രണമനുസരിച്ച് 54,19,77,883/- രൂപ ചെലവാക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെയും ട്രഷറിയുടെയും നിയന്ത്രണം നിലനിന്നിരുന്നതിനാലും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാലും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന

വഴി അധികമായി തുക വകയിരുത്തുന്നതിനായി ശിപാർശ സമർപ്പിച്ചിട്ടില്ല.

ശിപാർശ

4405-00-103-87 - യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

യാൺ ട്വിസ്റ്റിംഗ് യൂണിറ്റിന് ഹൈടെക് കറന്റ് കണക്ഷൻ, വയറിംഗ്, മറ്റ് പ്രവർത്തനങ്ങൾ, കൊല്ലം നീണ്ടകരയിലാരംഭിക്കുന്ന നെറ്റ് ഫാക്ടറിയുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

സർക്കാർ സ്വീകരിച്ച നടപടി

കൊല്ലം ജില്ലയിലെ നീണ്ടകരയിൽ വലനിർമ്മാണശാല ആരംഭിക്കുന്നതിനായി 53 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമായ 'Land Development & Building Foundation' എന്നിവയ്ക്ക് 5 കോടി രൂപ 4405-00-103-87(P) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ശീർഷകത്തിൽ 1,75,00,000/- രൂപ അനുവദിക്കുകയും പ്രസ്തുത തുക മത്സ്യഫെഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4405-00-104-55 – മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല

മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീഫണ്ട് ചെയ്ത് നൽകുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ ₹1 കോടി ധന പുനഃവിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നു. 2025-26 സാമ്പത്തിക വർഷം ₹528.1 ലക്ഷം രൂപ അധിക ധനാഭ്യർത്ഥന വഴി ലഭ്യമാക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്

ശിപാർശ

4405-00-104-54 - നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

Tranche XXVI, XXVII എന്നിവ പൂർത്തീകരണ ഘട്ടത്തിലും XXVIII, XXIX എന്നിവ പുരോഗമിച്ച് വരുന്നതിനാലും XXX പ്രവൃത്തികൾ ഉടൻ തന്നെ ക്രമീകരിച്ച് പുരോഗതി കൈവരിക്കുമെന്നതിനാലും 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 20 കോടി രൂപയാണ്. ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. അഡീഷണൽ ആതറൈസേഷൻ മുഖേന ₹29,49,57,000/- ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 31.03.2026 വരെയുള്ള ചെലവ് ₹51,89,40,889/- ആണ്. അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-37 - മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

വിഹിതം : 9,50,00,000 രൂപ (പദ്ധതി)

ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ 30.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് 950 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. മേൽ ശീർഷകത്തിൽ സമിതി 30.5 കോടി രൂപ ശിപാർശ ചെയ്തിരുന്നു. 31-03-2026 വരെ ചെലവ് 5,52,42,385/- രൂപയാണ്.

സാമ്പത്തിക പ്രതിസന്ധിമൂലം 2024-25 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് ഹെഡിലെ പ്രവൃത്തികൾക്ക് അലോക്കേഷൻ തുകയുടെ പകുതി മാത്രമാണ് ഭരണാനുമതി നൽകിയത്. ആയതിനാൽ 2025-26 വർഷത്തെ expenditure ൽ വരുന്ന മുൻ സാമ്പത്തിക വർഷത്തെ spill over expenditure കുറവായിരുന്നു. കൂടാതെ 2025-26 സാമ്പത്തിക വർഷത്തെ allocation ആയ 950 ലക്ഷം രൂപയിൽ 885.50 രൂപയുടെ ഭരണാനുമതി 2026 മാർച്ച് മാസം വരെ നൽകിയതാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ expenditure 2026-27 സാമ്പത്തിക വർഷം മാത്രമേ ഉണ്ടാവുകയുള്ളൂ.

ശിപാർശ

4405-00-104-31 - തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലുകളും

വിഹിതം : 3,31,00,000 രൂപ (പദ്ധതി)

ആവിത്തോട്, മുഖദാർ എന്നീ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെയും പൊഴിയൂർ ഫിഷിംഗ് ഹാർബറിന്റെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 69 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിന് 331 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. 69 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തത്. 31-03-2026 വരെ ചെലവ് 4,89,08,270/- രൂപയാണ്. അഡീഷണൽ ഓതറൈസേഷൻ മുഖേന 158.09 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-26 -അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം- ഫിഷറീസ് ആന്റ് അക്വാകൾച്ചർ, ഇൻഫ്രാസ്ട്രചർ ഡെവലപ്പ്മെന്റ് ഫണ്ടിന് (FIDF) കീഴിലുള്ള സഹായം

വിഹിതം : ഇല്ല

അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ നൽകുന്നതിലേക്കായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

സർക്കാർ സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ 31/03/2026 വരെ 10,77,57,864/- രൂപ ചെലവഴിച്ചിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ മുഖേന 1077.59 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-109-97 –കൊല്ലത്ത് ഒരു ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കൽ

വിഹിതം : ഇല്ല

കൊല്ലത്ത് ഒരു ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രർത്തനങ്ങൾക്കും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 9 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് പ്രൊപ്പോസൽ ഒന്നും ലഭ്യമായിട്ടില്ല.

ശിപാർശ

4405-00-190-97 – എൻ.ബി.സി., എഫ്.ഡി.സി. ആന്റ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

വിഹിതം : 30,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഫിഷറിസ് ഡെവലപ്മെന്റ് പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.8667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

സർക്കാർ സ്വീകരിച്ച നടപടി

എൻ.എം.ഡി.എഫ്.സി ലോണുകൾക്കും എൻ.ബി.സി.എഫ്.ഡി.സി ലോണുകൾക്കും സീഡ് ക്യാപിറ്റൽ അസിസ്റ്റന്റ്സ് നൽകുന്നതിനായി 2025-26-ൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യഫെഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വകയിരുത്തിയിരുന്ന 30 ലക്ഷം രൂപ വിനിയോഗിക്കുവാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

6405-00-195-99 - മത്സ്യ ബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിയ്ക്കായി മത്സ്യ ഫെഡിനായി കൊടുക്കുന്ന വായ്പ (എൻ. സി. ഡി. സി. സഹായം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള ഐ.എഫ്.ഡി.പി. പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 19.25 കോടി രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 149)

സർക്കാർ സ്വീകരിച്ച നടപടി

സംയോജിത മത്സ്യബന്ധന വികസന പദ്ധതിക്കായി എൻ.സി.ഡി.സി. വിഹിതമായി 2025-26 ൽ 1200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക പൂർണ്ണമായും ചെലവഴിച്ചിരുന്നു. ടി ശീർഷകത്തിൽ അധികധനാനുമതി മുഖേന തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ഒന്നും ലഭ്യമായിരുന്നില്ല.

ശീർഷകം പുന:സ്ഥാപിക്കുന്നതിന്

മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ള തീരപരിപാലന പ്രവർത്തനങ്ങൾക്കായി 4405-00-104-27(പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകം 2025-26 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടില്ല. ശീർഷകം പുനഃസ്ഥാപിച്ച് 25 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ശീർഷകം പുനഃസ്ഥാപിച്ചിട്ടില്ല.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള തീരദേശ പാക്കേജിനായി പുതിയ ശീർഷകം അനുവദിച്ച് 75 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 151)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4405-00-103-93 ശീർഷകം വഴി തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യം വികസനത്തിനും 2405-00-103-80, 2405-00-121-97 (നോൺ പ്ലാൻ) ശീർഷകം വഴി വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കും തുക വകയിരുത്തി ധനസഹായം അനുവദിച്ചുവരുന്നു.

അദ്ധ്യായം II

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ.

വകുപ്പ്	ശിപാർശ/ഖണ്ഡികകൾ
കൃഷി	1,4,15,17,22,28,39,40,44,48,50,54,59,79,80
മൃഗസംരക്ഷണം	95-101

തിരുവനന്തപുരം,
2026.ഒക്ടോബർ 16

ടി. സിദ്ദിഖ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി I.